23
2024
ആഗസ്റ്റ്
വെള്ളി
ചിങ്ങം 7

NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം | Thiruvananthapuram | web: www.nauticaltimesmedia.com | Volume-5, Issue No.246 Page 4, | Price: Rs. 2 | പുസ്തകം-5 ലക്കം-246 | പേജ് 4. വില 2.00 രൂപ




02 റെയിൽവേയിൽ ജോലി വാഗ്ദാനം; തട്ടിയെടുത്തതു കോടികൾ
03 സിനിമയിൽ പവർ ഗ്രൂപ്പുണ്ട്; ഒരു സംവിധായകൻ മോശമായി പെരുമാറി: നടി ഉഷ
04 ഓൺലൈൻ ഭാഗ്യക്കുറി തട്ടിപ്പ്: ഗൂഗിളിന് നോട്ടീസ് നൽകി

# ഹേമ കമ്മീഷൻ റിപ്പോർട്ട്: മാധ്യമ ഉരുൾ പൊട്ടൽ

**കെ.രാജൻ ബാബു**

ഹേമ കമ്മിഷൻ റിപ്പോർട്ട് മറ്റൊരു 'വാർത്താസുനാമി'ആയി മാറി. വയനാട് ദുരന്തത്തെ അത് വാർത്തകളിൽ കടപുഴക്കി എറിഞ്ഞു!. വയനാട്ടിൽ കാണിക്കാത്ത ആവേശം ദൃശ്യമാധ്യമങ്ങൾ ഹേമ കമ്മിഷൻ റിപ്പോർട്ടിൽ ആഘോഷിക്കുന്നത് കണ്ടു. ഇതിനിടയിൽ, മലയാളത്തിന്റെ പ്രിയപ്പെട്ട ഒരു നടി ക്യാമറകൾക്കിടയിൽ പെട്ട് ശ്വാസംമുട്ടുന്നത് കണ്ടപ്പോൾ സങ്കടം തോന്നി. അച്ചടി മാധ്യമങ്ങളും ഒട്ടും പിന്നിലായില്ല. എന്തിനാണ് ഇങ്ങനെയൊരു വലിയ ദുരന്തത്തിനുമേൽ മാധ്യമ ഉരുൾ പൊട്ടൽ ഉണ്ടായത്?.

സാംസ്കാരിക കേരളത്തെ അപമാനിക്കുന്നത്, ഹേമ റിപ്പോർട്ടോ അതിലെ കഥാപാത്രങ്ങളോ അല്ല; മറിച്ച്, ഈ മാധ്യമ ആക്രാന്തമാണ്. ഇവരെ ഈ പണിക്ക് ശമ്പളം കൊടുത്ത് പറഞ്ഞുവിടുന്നവരാണ് ഇതിലെ പ്രതികൾ. അവർ 'പത്രധർമ്മ'ത്തെ ഇങ്ങനെ കച്ചവടം ചെയ്താൽ ജനങ്ങൾ എന്തു ചെയ്യും?.

ഇത്രയും പറയാൻ കാരണം ഹേമ കമ്മിഷൻ റിപ്പോർട്ടിന്റെ കാലിക പ്രസക്തി തന്നെ. സിനിമ രംഗത്ത് മാത്രമല്ല കേരളത്തിലെ ഏത് പൊതുമണ്ഡലത്തിലേക്കും ഇത്തരത്തിൽ ഒരു കമ്മിഷൻ കടന്നു ചെന്നാൽ ഇതു തന്നെയാവും റിപ്പോർട്ട്!. ഇപ്പോൾ തുള്ളിച്ചാടുന്ന മാധ്യമരംഗത്ത് ഒതുക്കിത്തീർത്ത എത്രയോ കേസുകൾ ഉണ്ട്. രഹസ്യമൊഴിയിൽ ഒന്നോടെ പുറത്താവും. പിന്നെ രാഷ്ട്രീയം, സാഹിത്യം, സംസ്ക്കാരം, എന്തിന് എക്സിക്യൂട്ടിവിലും ജ്യൂഡിഷ്യറിയിലും പോലും ഹേമ കമ്മിഷൻ ഒന്ന് കറങ്ങിനോക്കിയാൽ ഇതിലും എരിവും പുളിയുമുള്ള ഒട്ടേറെ വിഭവങ്ങൾ കിട്ടും!.

അവർക്കുള്ളപോലെ 'ഭരണപരിരക്ഷ' ഇല്ലാത്തതാണോ സിനിമയുടെ ദുര്യോഗം?

ഹേമ കമ്മിഷൻ റിപ്പോർട്ടിലെ പീഡകരുടെ വിവരം പുറത്തുവിടണമെന്ന ഒരു മുതിർന്ന മാധ്യമ അദ്ധ്യാപകന്റെ പോസ്റ്റ് കണ്ടു. പീഡകരുടെ പേരു പുറത്തായാൽ പീഡിതർ പിന്നാലെ വരുമല്ലോ! പിന്നെ, മാധ്യമ അർമാദത്തിൻറെ കലികാലമല്ലേ!. വാർത്ത ചോർത്തിയെടുക്കാൻ പണ്ട് പഠിച്ച തന്ത്രങ്ങൾ അദ്ധ്യാപകൻ തൻറെ പണക്കൊഴുപ്പുള്ള വിദ്യാർത്ഥികൾക്ക് പറഞ്ഞുകൊടുക്കുകയാവും!.

## കടലിൽ കാണാതായ മത്സ്യത്തൊഴിലാളികൾക്ക് വേണ്ടിയുള്ള തിരച്ചിൽ തുടരുന്നു


ഫ്രെഡി


ക്ലീറ്റസ്

വിഴിഞ്ഞം: കടലിൽ കാണാതായ വിഴിഞ്ഞം സ്വദേശി ഫ്രെഡിക്കായും പൂന്തുറ സ്വദേശി ക്ലീറ്റസിനും വേണ്ടിയുള്ള തീരച്ചിൽ തുടരുന്നു. മത്സ്യത്തൊഴിലാളികളും തീരദേശ പോലീസും മറൈൻ എൻഫോഴ്സ്മെന്റും വള്ളങ്ങളിലും മറൈൻ ആംബുലൻസിലുമായി നടത്തിയ തിരച്ചിൽ ഫലം കണ്ടില്ല. രക്ഷാപ്രവർത്തനത്തിന് ഫിഷറീസ് വകുപ്പ് ഒരു വള്ളവും ഇന്നലെ വാടകക്കെടുത്തിരുന്നു. കടൽ ശാന്തമാകാത്തത് തിരച്ചിലിനെ പ്രതികൂലമായി ബാധിച്ചതായും അധികൃതർ അറിയിച്ചു. ബുധനാഴ്ച രാത്രിയിലുണ്ടായ ശക്തമായ കാറ്റിലും കടൽക്ഷോഭത്തിലും അപകടത്തിൽ പ്പെട്ട രണ്ട് വള്ളങ്ങളിലെ തൊഴിലാളികളായിരുന്നു ക്ലീറ്റസും ,ഫ്രെഡിയും. ക്ലീറ്റസിനെ കാണാതായ തോടെ കുടുംബത്തിൻറ ഏക അത്താണിയും ഇല്ലാതായി. മൂന്ന് വർഷം മുൻപുള്ള സീസണിൽ ഉൾക്കടലിലെ മീൻ പിടിത്തത്തിനിടയിൽ ഉണ്ടായ ശക്തമായ ഇടിമിന്നലിൽ ക്ലീറ്റസി ന്റെ മൂന്ന് മക്കളിൽ ഏകമകൻ ലീനിന്റെ ജീവൻ 21ാം വയസിൽ നഷ്ടമായി. വീണ്ടുമുള്ള മറ്റൊരു മത്സ്യബന്ധന സീസണിൽ ക്ലീറ്റസിനെയും കാണാതായി. ദുർവിധി പിന്തുടരുന്ന കുടുംബത്തിൽ ഭാര്യ ബർമിറ്റയും മക്കളായ ലിന്നയും ലിത്തിയും മാത്രം അവശേഷിച്ചു.ഫ്രെഡി അവിവാഹിതനാണ്. രണ്ട് ദിവസമായി തുടരുന്ന കടൽക്ഷോഭത്തിൽ കാണാതായവർ ഒഴുകി പോയിരിക്കാമെന്ന് അധികൃതർ പറയുന്നു. ഇന്ന് രാവിലെ മുതൽ കൂടുതൽ വള്ളങ്ങൾ തിരച്ചിലി നിറങ്ങുമെന്നും ബന്ധപ്പെട്ടവർ അറിയിച്ചു.

## ഹേമ കമ്മിറ്റി റിപ്പോർട്ടിൽ കേസെടുക്കണമെന്ന ഹർജി; സർക്കാരിനോട് നിലപാട് തേടി ഹൈക്കോടതി

കൊച്ചി: ഹേമ കമ്മിറ്റി റിപ്പോർട്ടിൽ കേസെടുക്കാൻ ഡിജിപിക്ക് നിർദേശം നൽകണമെന്നാവശ്യപ്പെട്ടുള്ള ഹർജിയിൽ സർക്കാരിന്റെ നിലപാട് തേടി ഹൈക്കോടതി. റിപ്പോർട്ടിൽ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന കാര്യത്തിൽ സർക്കാർ വിശദമായ സത്യവാംങ്മൂലം സമർപ്പിക്കണമെന്ന് കോടതി നിർദേശിച്ചു.ഹേമ കമ്മിറ്റി റിപ്പോർട്ടിൽ പരാമർശിക്കുന്ന ലൈംഗിക കുറ്റകൃത്യങ്ങൾ അന്വേഷിക്കാൻ ഉത്തരവിടണമെന്ന പൊതു താത്പര്യ ഹർജിയാണ് കോടതി പരിഗണിച്ചത്. ഹർജി ഫയലിൽ സ്വീകരിച്ച കോടതി കേസിൽ വനിതാ കമ്മീഷനെ സ്വമേധയാ കക്ഷി ചേർത്തു. റിപ്പോർട്ടിന്റെ പൂർണരൂപം സെപ്റ്റംബർ പത്തിനകം മുദ്രവച്ച കവറിൽ സമർപ്പിക്കാനും കോടതി നിർദേശം നൽകി.തങ്ങളുടെ പേരുവിവരങ്ങൾ രഹസ്യമായി സൂക്ഷിക്കണം എന്ന് പറഞ്ഞുകൊണ്ടാണ് ആളുകൾ മൊഴി നൽകിയത്. ഈ സാഹചര്യത്തിൽ പരാതി ലഭിച്ചതാലെ ശക്തമായ നടപടികൾ സ്വീകരിക്കാൻ കഴിയൂ എന്ന് സർക്കാർ കോടതിയിൽ പറഞ്ഞു.

എന്നാൽ പരാതിക്കാരുടെ പേര് വിവരങ്ങൾ സൂക്ഷിക്കുന്നതിനൊപ്പം വേട്ടക്കാരായ ആളുകൾക്കെതിരേ ശക്തമായ നടപടി സ്വീകരിക്കുകയല്ലേ വേണ്ടതതെന്ന് കോടതി ചോദിച്ചു.

## ഡോക്ടറുടെ കൊലപാതകം: ഡോക്ടർമാർ സമരം അവസാനിപ്പിച്ചു

ന്യൂഡൽഹി: കൊൽക്കത്തയിലെ ആർ.ജി. കർ ആശുപത്രിയിൽ യുവവനിതാ ഡോക്ടറെ ബലാത്സംഗം ചെയ്ത് കൊലപ്പെടുത്തിയ സംഭവത്തേത്തുടർന്ന് ഡൽഹി എയിംസിലെ ഡോക്ടർമാർ നടത്തിവന്ന സമരം അവസാനിപ്പിച്ചു.

സുപ്രീം കോടതിയിൽ നിന്ന് ഉറപ്പ് ലഭിച്ച സാഹചര്യത്തിലാണ് 11 ദിവസം നീണ്ട സമരം അവസാനിപ്പിക്കുന്നതെന്ന് റസിഡന്റ് ഡോക്ടേഴ്സ് അസോസിയേഷൻ (ആർഡിഎ) പ്രസ്താവനയിൽ അറിയിച്ചു. ഡോക്ടർമാരോട് സമരം അവസാനിപ്പിക്കാൻ സുപ്രീം കോടതി കഴിഞ്ഞദിവസം നിർദേശിച്ചിരുന്നു.

ആർ.ജി കർ ആശുപത്രിയിലെ സംഭവത്തെ തുടർന്ന് ഡോക്ടർമാരുടെ സുരക്ഷ സംബന്ധിച്ച വിഷയത്തിൽ ഇടപെടുമെന്ന് സുപ്രീം കോടതി ഉറപ്പുതന്ന സാഹചര്യത്തിൽ സമരം അവസാനിപ്പിച്ച് ജോലിയിൽ തിരികെ പ്രവേശിക്കുകയാണെന്ന് ആർഡിഎ പ്രസ്താവനയിൽ പറഞ്ഞു. രാജ്യത്തിന്റെ താൽപര്യവും ജനങ്ങളുടെ ആവശ്യവും പരിഗണിച്ചാണ് ഇത്തരമൊരു തീരുമാനമെന്നും പ്രസ്താവനയിൽ പറയുന്നു.

വിഷയത്തിൽ ഇടപെട്ട സുപ്രീം കോടതി സർക്കാരിന് ശക്തമായ താക്കീത് നൽകിയിരുന്നു. ഡോക്ടർമാരുടെയും ആരോഗ്യപ്രവർത്തകരുടെയും സുരക്ഷയ്ക്ക് ദേശീയ മാർഗരേഖയുണ്ടാക്കാൻ പത്തംഗ ദൗത്യസേനയെ കോടതി നിയോഗിച്ചിരുന്നു. അന്വേഷണപുരോഗതി സി.ബി.ഐ.യും ആശുപത്രിയിലുണ്ടായ അതിക്രമങ്ങളേക്കുറിച്ച് സംസ്ഥാന സർക്കാരും വ്യാഴാഴ്ച റിപ്പോർട്ട് നൽകണമെന്ന് ചീഫ് ജസ്റ്റിസ് ഡി.വൈ. ചന്ദ്രചൂഡ് അധ്യക്ഷനായ ബെഞ്ച് ആവശ്യപ്പെട്ടു.

സമരം നടത്തുന്നവർക്കുമേൽ ബംഗാൾ സർക്കാർ അധികാരപ്രയോഗം നടത്തരുതെന്നും ആർ.ജി. കർ ആശുപത്രിയിൽ സി.ഐ.എസ്.എഫ്. സുരക്ഷയൊരുക്കണമെന്നും കോടതി പറഞ്ഞു. സമരം ചെയ്യുന്ന ഡോക്ടർമാരോട് ജോലിയിൽ തിരികെ പ്രവേശിക്കാനും സുപ്രീംകോടതി അഭ്യർഥിച്ചിരുന്നു.

## കനത്ത മഴ; ത്രിപുരയിൽ 10 പേർ മരിച്ചു, 34,000ത്തിലധികം ആളുകൾ സുരക്ഷിത കേന്ദ്രങ്ങളിൽ

അഗർത്തല: കനത്ത മഴ തുടരുന്ന ത്രിപുരയിൽ ബുധനാഴ്ച 10 പേർ മരിക്കുകയും 34,000ത്തിലധികം പേർ വീട് ഉപേക്ഷിച്ച് സുരക്ഷിത കേന്ദ്രങ്ങളിലേക്കു മാറുകയും ചെയ്തു.

6,600ലധികം കുടുംബങ്ങളിലെ 34,000ത്തിലധികം ആളുകൾ ഇതുവരെ എട്ട് ജില്ലകളിലായി ക്യാമ്പുകളിൽ അഭയം പ്രാപിച്ചിട്ടുണ്ടെന്നും ആയിരത്തിലധികം വീടുകൾ വെള്ളപ്പൊക്കത്തിൽ തകർന്നതായും അധികൃതർ അറിയിച്ചു.

മുഖ്യമന്ത്രി മണിക് സാഹ കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷായുമായി ഫോണിൽ സംസാരിച്ച് സംസ്ഥാനത്തെ നിലവിലെ പ്രളയക്കെടുതിയെ കുറിച്ച് ധരിപ്പിച്ചു. ദേശീയ ദുരന്ത നിവാരണ സേന (എൻഡിആർഎഫ്) ഉദ്യോഗസ്ഥരെ അധികമായി വിന്യസിക്കണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു.

ദക്ഷിണ ത്രിപുര, ഗോമതി, ഖോവായ് ജില്ലകളിൽ നിന്നാണ് 12കാരിയായ ഒരു പെൺകുട്ടി ഉൾപ്പെടെ 10 പേർ മരിച്ചത്. കഴിഞ്ഞ 48 മണിക്കൂറിനുള്ളിൽ ത്രിപുരയിൽ തുടർച്ചയായി പെയ്ത മഴയെ തുടർന്നുണ്ടായ മണ്ണിടിച്ചിലിലും മുങ്ങിമരണത്തിലും ഒരു കുടുംബത്തിലെ മൂന്ന് പേർ ഉൾപ്പെടെ ഒമ്പത് പേർ മരിക്കുകയും രണ്ട് പേർക്ക് പരിക്കേൽക്കുകയും ചെയ്തതായി അധികൃതർ കൂട്ടിച്ചേർത്തു.

വടക്കുകിഴക്കൻ അതിർത്തി റെയിൽവേ (എൻഎഫ്ആർ) ത്രിപുരയിൽ 10 ലോക്കൽ ട്രെയിനുകൾ റദ്ദാക്കി. കനത്ത മഴയെത്തുടർന്ന് ഗോമതി ജില്ലയിൽ റെയിൽവേ ട്രാക്കുകൾ തകരാറിലായതിനാലാണ് ഈ ട്രെയിനുകൾ റദ്ദാക്കിയതെന്ന് റെയിൽവേ അതോറിറ്റി അറിയിച്ചു.



# ഇമ്പിച്ചി ബാവ ഭവന പുനരുദ്ധാരണ പദ്ധതി; അപേക്ഷ തീയതിആഗസ്റ്റ് 31 വരെ നീട്ടി

മുസ്ലീം, ക്രിസ്ത്യൻ, ബുദ്ധ, സിഖ്, പാഴ്സി, ജൈൻ എന്നീ ന്യൂനപക്ഷ മതവിഭാഗത്തിൽപ്പെടുന്ന വിധവകൾ/ വിവാഹബന്ധം വേർപ്പെടുത്തിയ/ ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾക്ക് ഇമ്പിച്ചി ബാവ ഭവന പുനരുദ്ധാരണ പദ്ധതിയിലേക്ക് അപേക്ഷിക്കാനുള്ള തീയതി നീട്ടി. ശരിയായ ജനലുകൾ വാതിലുകൾ/ മേൽക്കൂര/ ഫ്ളോറിങ്/ ഫിനിഷിങ്/ പ്ലംബിങ്/ സാനിട്ടേഷൻ/ ഇലക്ട്രിഫിക്കേഷൻ എന്നിവയില്ലാത്ത വീടുകളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനാണ് ധനസഹായം നൽകുന്നത്. ഒരു വീടിന്റെ അറ്റകുറ്റപണികൾക്ക് 50,000 രൂപയാണ് ധനസഹായം. ഇത് തിരിച്ചടക്കേണ്ടതില്ല. അപേക്ഷകയുടെ സ്വന്തം/ പങ്കാളിയുടെ പേരിലുള്ള വീടിന്റെ പരമാവധി വിസ്തീർണ്ണം 1200 സ്ക്വ.ഫീറ്റ് കവിയരുത്. അപേക്ഷക കുടുംബത്തിലെ ഏക വരുമാനദായകയായിരിക്കണം. ബി.പി.എൽ കുടുംബത്തിന് മുൻഗണന. അപേക്ഷകയ്ക്കോ അവരുടെ മക്കൾക്കോ ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർ, പെൺകുട്ടികൾ മാത്രമുള്ള അപേക്ഷക തുടങ്ങിയവർക്ക് മുൻഗണന നൽകും. സർക്കാർ അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ സ്ഥിര വരുമാനം ലഭിക്കുന്ന മക്കളുള്ള വിധവകൾ, സർക്കാരിൽ നിന്നോ സമാന ഏജൻസികളിൽ നിന്നോ ഇതിന് മുമ്പ് 10 വർഷത്തിനുള്ളിൽ ഭവന നിർമ്മാണത്തിന് സഹായം ലഭിച്ചവർ എന്നിവർ വീണ്ടും അപേക്ഷിക്കേണ്ടതില്ല. വകുപ്പ് പ്രത്യേകം തയ്യാറാക്കിയ അപേക്ഷാ ഫോം മുഖേനയാണ് അപേക്ഷിക്കേണ്ടത്. 202425 സാമ്പത്തിക വർഷത്തെ ഭൂമിയുടെ കരം ഒടുക്കിയ രസീതിന്റെ പകർപ്പ്, റേഷൻ കാർഡിന്റെ പകർപ്പ് എന്നിവയോടൊപ്പം വീട് റിപ്പയർ ചെയ്യേണ്ടതിനും, വീടിന്റെ വിസ്തീർണ്ണം 1200 സ്ക്വ.ഫീറ്റിൽ കുറവാണ് എന്ന് സാക്ഷ്യപ്പെടുത്തുന്നതിനും, വില്ലേജ് ഓഫീസർ/ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ അസിസ്റ്റന്റ് എഞ്ചിനീയർ/ബന്ധപ്പെട്ട അധികാരികൾ എന്നിവരിൽ ആരുടെയെങ്കിലും സാക്ഷ്യപത്രം മതിയാകും. മറ്റു വകുപ്പുകളിൽ നിന്നോ, സമാന ഏജൻസികളിൽ നിന്നോ അപേക്ഷകയ്ക്ക് ഭവന പുനരുദ്ധാരണത്തിനും 10 വർഷത്തിനുള്ളിൽ ഭവന നിർമ്മാണത്തിനും ആനുകൂല്യം ലഭിച്ചിട്ടില്ലെന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ/ പഞ്ചായത്ത് സെക്രട്ടറി എന്നിവരിൽ ആരുടെയെങ്കിലും പക്കൽ നിന്നുള്ളത് മതിയാകുന്നതാണ്. പൂരിപ്പിച്ച അപേക്ഷ അനുബന്ധ രേഖകൾ സഹിതം അതാത് ജില്ലാ കളക്ടറേറ്റിലെ ന്യൂനപക്ഷക്ഷേമ സെക്ഷനിൽ നേരിട്ടോ, ഡെപ്യൂട്ടി കളക്ടർ (ജനറൽ), ജില്ലാ ന്യൂനപക്ഷക്ഷേമ സെക്ഷൻ, ജില്ലാ കളക്ടറേറ്റ് എന്ന വിലാസത്തിൽ അതാത് ജില്ലാ കളക്ടറേറ്റിലേയ്ക്ക് തപാൽ മുഖാന്തിരമോ, അപേക്ഷിക്കാം. അപേക്ഷാ www.minortiywelfare.kerala.gov.in ൽ നിന്നും ലഭിക്കും. അപേക്ഷകൾ അതാത് ജില്ലാ കളക്ടറേറ്റിൽ സ്വീകരിക്കുന്ന അവസാന തീയതി ആഗസ്റ്റ് 31.



ബിഎംഡബ്ല്യു പ്രതിനിധികളുമായി തിരുവനന്തപുരം ഹിൽട്ടൺ ഗാർഡനിൽ വ്യവസായ മന്ത്രി പി രാജീവ് ചർച്ച നടത്തുന്നു.

## സ്പോട്ട് അഡ്മിഷൻ

തിരുവനന്തപുരം കോളേജ് ഓഫ് എൻജിനിയറിങ്ങിലെ (സി.ഇ.ടി) എം.സി.എ കോഴ്സിൽ നിലവിലുള്ള ഒരു ഒഴിവിലേക്ക് (എസ്.സി കാറ്റഗറി) സ്പോട്ട് അഡ്മിഷൻ ആഗസ്റ്റ് 29ന് രാവിലെ 9 മുതൽ നടത്തും. വിശദവിവരങ്ങൾക്ക്: www.cet.ac.in

## സഹകരണ പരിശീലന കോളേജിൽ സ്പോട്ട് അഡ്മിഷൻ

തിരുവനന്തപുരം സഹകരണ പരിശീലന കോളേജിലെ എച്ച്ഡിസി ആൻഡ് ബിഎം 202425 കോഴ്സിൽ ഒഴിവുള്ള സീറ്റിലേക്ക് ആഗസ്റ്റ് 23 ന് രാവിലെ 10 മുതൽ സ്പോട്ട് അഡ്മിഷൻ നടത്തും. ഡിഗ്രി പാസായവർക്ക് അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്ക്: 8848745524, 8547506990

## അയ്യൻകാളി അനുസ്മരണ സമ്മേളനം 28 ന്

കേരള നവോത്ഥാനത്തിന്റെ മുന്നണിപ്പോരാളിയായ മഹാത്മാ അയ്യൻകാളിയുടെ 161 ാംമത് ജന്മദിനം പട്ടികജാതി വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ വിപുലമായ പരിപാടികളോടെ ആഗസ്റ്റ് 28 ന് ആചരിക്കും. വെള്ളയമ്പലം അയ്യൻകാളി സ്ക്വയറിൽ അന്ന് രാവിലെ പുഷ്പാർച്ചനയും അനുസ്മരണ സമ്മേളനവും നടക്കും. പൊതുവിദ്യാഭ്യാസ മന്ത്രി വി ശിവൻകുട്ടി അധ്യക്ഷത വഹിക്കുന്ന സമ്മേളനം പട്ടികജാതി പട്ടികവർഗ പിന്നാക്ക വിഭാഗ വികസന വകുപ്പ് മന്ത്രി ഒ ആർ കേളു ഉദ്ഘാടനം ചെയ്യും.

ഭക്ഷ്യപൊതുവിതരണ വകുപ്പ് മന്ത്രി ജി ആർ അനിൽ, ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ എന്നിവർ വിശിഷ്ടാതിഥികളാവും. അയ്യൻകാളിയും നവോത്ഥാനവും എന്ന വിഷയത്തിൽ ഗവ. മോഡൽ റസിഡൻഷ്യൽ സ്കൂൾ വിദ്യാർഥികൾക്കായി നടത്തിയ ക്വിസ് മൽസര വിജയികൾക്ക് ചടങ്ങിൽ മേയർ ആര്യാ രാജേന്ദ്രൻ സമ്മാനദാനം നിർവഹിക്കും.

## ഉജ്ജ്വല ബാല്യം പുരസ്കാരം: 31 വരെ അപേക്ഷിക്കാം

വനിത ശിശുവികസന വകുപ്പ് സംസ്ഥാനതല ശിശു ദിനാഘോഷങ്ങളോടനുബന്ധിച്ച് വ്യത്യസ്ത മേഖലകളിൽ അസാധാരണ കഴിവ് പ്രകടിപ്പിക്കുന്ന കുട്ടികളെ പ്രോത്സാഹിപ്പിക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള ഉജ്ജ്വല ബാല്യം പുരസ്കാരത്തിന് ആഗസ്റ്റ് 31 വരെ അപേക്ഷിക്കാം. വയനാട് ദുരന്തത്തിന്റെ പശ്ചാത്തലത്തിലാണ് തീയതി നീട്ടിയത്.

## ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റിയിൽ വാക് ഇൻ ഇന്റർവ്യൂ

വനിത ശിശു വികസന വകുപ്പിന്റെ സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റിയുടെ കീഴിൽ നടപ്പിലാക്കുന്ന മിഷൻ വാത്സല്യ പദ്ധതിയിൽ പ്രോഗ്രാം ഓഫീസർ, അസിസ്റ്റന്റ് കം ഡാറ്റാ എൻട്രി ഓപ്പറേറ്റർ, ശരണബാല്യം പദ്ധതിയിലെ റെസ്ക്യൂ ഓഫീസർ തസ്തികകളിൽ ദിവസവേതനത്തിൽ നിയമനം നടത്തുന്നതിന് സെപ്റ്റംബർ 3 ന് രാവിലെ 10.30 ന് വാക്ക് ഇൻ ഇന്റർവ്യൂ നടത്തും. അപേക്ഷയിൽ ഫോട്ടോ പതിപ്പിച്ച് യോഗ്യത, പ്രവൃത്തിപരിചയം,

വയസ് എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം രാവിലെ 9.30 ന് തിരുവനന്തപുരം പൂജപ്പുരയിലെ വനിത ശിശു വികസന ഡയറക്ടറേറ്റിലെ സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി സംസ്ഥാന കാര്യാലയത്തിൽ എത്തണം. വിശദവിവരങ്ങൾക്ക്: 0471 2342235.

## ഉത്തരസൂചികകൾ പ്രസിദ്ധീകരിച്ചു

ഏപ്രിൽ 2024 കെ.ടെറ്റ് കാറ്റഗറി I, II, III, IV പരീക്ഷകളുടെ റെക്ടിഫൈഡ് ഉത്തരസൂചികകൾ പരീക്ഷാഭവന്റെ https://pareekshabhavan.kerala.gov.in, https://ktet.kerala.gov.in എന്നീ വെബ്സൈറ്റുകളിൽ പ്രസിദ്ധീകരിച്ചു.

## ശ്രീജേഷിന് സ്വീകരണം നൽകും

പാരീസ് ഒളിമ്പിക്സിലെ മെഡൽ നേട്ടം ഉൾപ്പെടെ തുടർച്ചയായി രണ്ട് ഒളിമ്പിക് മെഡലുകൾ കരസ്ഥമാക്കിയ പത്മശ്രീ ഒളിമ്പ്യൻ പി.ആർ. ശ്രീജേഷിന് ആഗസ്റ്റ് 26ന് വൈകിട്ട് 4ന് തിരുവനന്തപുരം ജിമ്മി ജോർജ് ഇൻഡോർ സ്റ്റേഡിയത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ സ്വീകരണം നൽകും. മുഖ്യമന്ത്രി പിണറായി വിജയൻ ചടങ്ങിൽ പങ്കെടുക്കും.

## 3000 കോടി രൂപയുടെ കടപ്പത്രം പുറപ്പെടുവിക്കുന്നു

സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങളുടെ ധനശേഖരണാർഥം 3000 കോടി രൂപയുടെ കടപ്പത്രം പുറപ്പെടുവിക്കുന്നു. ഇതിനായുള്ള ലേലം ആഗസ്റ്റ് 27 ന് റിസർവ് ബാങ്കിന്റെ മുംബൈ ഫോർട്ട് ഓഫീസിൽ ഇകുബേർ സംവിധാനം വഴി നടക്കും.

ലേലം സംബന്ധിച്ച വിജ്ഞാപനത്തിനും (നമ്പർ: എസ്.എസ്1/384/2024ഫിൻ. തിയതി 22.08.2024 & എസ്.എസ്1/385/2024ഫിൻ. തിയതി 22.08.2024) വിശദാംശങ്ങൾക്കും ധനവകുപ്പിന്റെ വെബ്സൈറ്റ് (www.finance.kerala.gov.in) സന്ദർശിക്കുക.

## എസ്.സി വിഭാഗം സീറ്റ് ഒഴിവ്

തിരുവനന്തപുരം കാര്യവട്ടം സ്പോർട്സ് അതോറിറ്റി ഓഫ് ഇന്ത്യ, ലക്ഷ്മീഭായി നാഷണൽ കോളേജ് ഓഫ് ഫിസിക്കൽ എജ്യുക്കേഷൻ (സായി എൽ.എൻ.സി.പിഇ) 202425 അധ്യയന വർഷം മാസ്റ്റർ ഇൻ ഫിസിക്കൽ എജ്യുക്കേഷൻ ആൻഡ് സ്പോർട്സ് (എംപിഇഎസ് 2 വർഷം) കോഴ്സിലേക്ക് എസ്.സി വിഭാഗത്തിന് വേണ്ടി മാറ്റിവയ്ക്കപ്പെട്ട ഒഴിവുകളിലേക്ക് (2 സീറ്റ്) നിശ്ചിത യോഗ്യതയുള്ള എസ് സി വിഭാഗത്തിൽപ്പെട്ട വിദ്യാർഥികളിൽ നിന്നും അപേക്ഷ ക്ഷണിച്ചു. യോഗ്യത അംഗീകൃത സർവകലാശാലയിൽ നിന്ന് ബി.പി.ഇ.എസ് / ബി.പി.ഇ / ബി.പി.ഇഎഡ് / ബി.എസ്.സി (പിഇ) ബിരുദം.

പ്രായപരിധി 1994 ജൂലൈ ഒന്നിനോ അതിനു ശേഷമോ ജനിച്ചവർ. താൽപ്പര്യമുള്ള വിദ്യാർഥികൾ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ (അസൽ), ജാതി സർട്ടിഫിക്കറ്റ്, കാർഡിയോളജി സർട്ടിഫിക്കറ്റ് എന്നിവ സഹിതം ആഗസ്റ്റ് 24 രാവിലെ 9 മണിക്ക് കോളേജിൽ ഹാജരാകണം. ഈ കോഴ്സിലേക്ക് 202425 അധ്യയന വർഷം പ്രവേശന പരീക്ഷയ്ക്ക് ഹാജരായവർ അപേക്ഷിക്കാൻ യോഗ്യരല്ല. കൂടുതൽ വിവരങ്ങൾക്ക് 0471 2412189 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടാം.

## അധ്യാപക ഒഴിവ്

തിരുവനന്തപുരത്ത് എയ്ഡഡ് സ്കൂളിൽ എൽ.പി.എസ്.ടി വിഭാഗത്തിൽ ഭിന്നശേഷി ഉദ്യോഗാർഥിക്കായി (കാഴ്ച പരിമിതി 1) സംവരണം ചെയ്ത തസ്തികയിൽ ഒഴിവുണ്ട്.ടി.ടി.സി/ ഡി.എഡ്/ ഡി.എൽ.എഡ് അല്ലെങ്കിൽ തത്തുല്യം, യോഗ്യത പരീക്ഷ അല്ലെങ്കിൽ തത്തുല്യം എന്നിവയാണ് യോഗ്യത. വയസ് 1840 ഭിന്നശേഷിക്കാർക്ക് വയസിളവ് ലഭിക്കും. യോഗ്യതയുള്ളവർ അസൽ സർട്ടിഫിക്കറ്റുകളുമായി അതത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ ആഗസ്റ്റ് 29ന് മുമ്പ് പേര് രജിസ്റ്റർ ചെയ്യണം.

## ഹേമ കമ്മിറ്റി റിപ്പോർട്ട്; രാഷ്ട്രീയ മുതലെടുപ്പിന് ചിലർ ശ്രമിക്കുന്നു: മന്ത്രി എം.ബി.രാജേഷ്

തിരുവനന്തപുരം: ഹേമ കമ്മിറ്റി റിപ്പോർട്ട് സർക്കാർ വൈകിപ്പിച്ചില്ലെന്ന് മന്ത്രി എം.ബി.രാജേഷ്. കമ്മിറ്റിക്കു മുമ്പിൽ പലരും മൊഴി നൽകിയത് രഹസ്യാത്മകത കാത്ത് സൂക്ഷിക്കും എന്നു ഉറപ്പ് നൽകിയത് കൊണ്ടാണ്.

സിനിമാ കോൺക്ലേവിൽ ഇരയും വേട്ടക്കാരും ഒന്നിച്ചിരിക്കുമെന്ന് പറയുന്നത് തെറ്റാണ്. നിയമപരമായ നടപടികൾ സർക്കാർ സ്വീകരിക്കും. സർക്കാരിന് ആരെയെങ്കിലും സംരക്ഷിക്കാനുണ്ടെങ്കിൽ ഹേമ കമ്മിറ്റിയെ നിയോഗിക്കില്ല.രാഷ്ട്രീയ മുതലെടുപ്പിനാണ് ചിലർ ഇപ്പോൾ ശ്രമിക്കുന്നത്. കേരളത്തിൽ മാത്രമേ സിനിമാ മേഖലയിലെ ഇത്തരം പ്രവണതകളെ കുറിച്ച് സമഗ്രമായ പഠനം നടത്തി ഒരു റിപ്പോർട്ട് തയാറാക്കിയിട്ടുള്ളതെന്ന് മന്ത്രി പറഞ്ഞു.

# ഹൃദയ ശസ്ത്രക്രിയയിൽ അഭിമാന നേട്ടവുമായി കോട്ടയം മെഡിക്കൽ കോളേജ്

### രക്തക്കുഴലുകളുടെ വീക്കത്തിന് അതിനൂതന ഹൃദയ ശസ്ത്രക്രിയകൾ വിജയം

രക്തക്കുഴലുകളുടെ വീക്കം പരിഹരിക്കുന്നതിന് നൂതന ഹൃദയ ശസ്ത്രക്രിയാ മാർഗങ്ങൾ വികസിപ്പിച്ചെടുത്ത് കോട്ടയം മെഡിക്കൽ കോളേജിലെ കാർഡിയോതൊറാസിക് ആന്റ് വാസ്കുലാർ സർജറി വിഭാഗം. അതിസങ്കീർണങ്ങളായ ഓഫ് പമ്പ് സബ് മൈട്രൽ അന്യൂറിസം, സബ്ക്ലേവിയൻ അർട്ടറി അന്യൂറിസം ശസ്ത്രക്രിയകളാണ് വിജയകരമായി പൂർത്തിയാക്കിയത്. നിലവിലെ ചികിത്സാ രീതിയിൽ നിന്നും വ്യത്യസ്ഥമായി രോഗികളുടെ സുരക്ഷയും ചികിത്സയുടെ ഫലപ്രാപ്തിയും കൂടുതൽ മെച്ചപ്പെടുത്തുന്നതിനും ചികിത്സാ ചെലവ് കുറയ്ക്കുന്നതിനും ഈ നൂതന രീതികളിലൂടെ സാധിക്കും. ഈ പുതിയ ശസ്ത്രക്രിയാ രീതികളുടെ അംഗീകാരമായി അന്നൽസ് ഓഫ് തൊറാസിക് സർജറി, കാർഡിയോ തൊറാസിക് ആൻഡ് വാസ്ക്കുലാർ ടെക്നിക്സ് എന്നീ അന്താരാഷ്ട്ര ജേർണലുകളിൽ പ്രസിദ്ധീകരിക്കപ്പെട്ടു. ഹൃദയ ശസ്ത്രക്രിയാ രംഗത്ത് വലിയ മുന്നേറ്റം നടത്തുന്ന കോട്ടയം മെഡിക്കൽ കോളേജിലെ ആശുപത്രി സൂപ്രണ്ട് ഡോ. ടി.കെ. ജയകുമാറിന്റെ നേതൃത്വത്തിലുള്ള മുഴുവൻ ടീമിനേയും ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് അഭിനന്ദിച്ചു.

രക്തക്കുഴലുകളിൽ ഉണ്ടാകുന്ന വീക്കമാണ് അന്യൂറിസം. സങ്കീർണമായ അവസ്ഥകളിൽ ഈ രക്തക്കുഴൽ വീർത്ത് പൊട്ടി മരണം വരെ സംഭവിക്കാൻ സാധ്യതയുണ്ട്. ഇത്തരം സങ്കീർണമായ അവസ്ഥകളിൽ ഫലപ്രദമായ നൂതന ശസ്ത്രക്രിയാ രീതികളാണ് കോട്ടയം മെഡിക്കൽ കോളേജ് വിജയിപ്പിച്ചത്. അപൂർവമായി ഹൃദയത്തിനുണ്ടാകുന്ന സങ്കീർണമായ അവസ്ഥയായ സബ് മൈട്രൽ അന്യൂറിസത്തിന്റെ ചികിത്സയ്ക്കായി ഓഫ് പമ്പ് സബ് മൈട്രൽ അന്യൂറിസം ശസ്ത്രക്രിയയാണ് നടത്തിയത്. ഹൃദയം നിർത്തിവെച്ച ശേഷം ഹൃദയം തുറന്ന് സങ്കീർണമായ ശസ്ത്രക്രിയയാണ് പരമ്പരാഗതമായി ചെയ്തിരുന്നത്. എന്നാൽ എക്കോകാർഡിയോഗ്രാഫിയുടെ സഹായത്തോടെ, ഹൃദയം നിർത്തി വയ്ക്കാതെ, മിടിക്കുന്ന ഹൃദയത്തിൽ പുറത്തുനിന്ന് ശസ്ത്രക്രിയ നടത്തുന്ന നൂതന രീതിയാണ് അവലംബിച്ചത്. ഈ രീതിയിലൂടെ ഹൃദയം പ്രവർത്തിച്ചു കൊണ്ടിരിക്കുമ്പോൾ ശസ്ത്രക്രിയ നടത്താൻ കഴിയുന്നത് മൂലം അപകട സാധ്യതകൾ കുറയുകയും, ശസ്ത്രക്രിയ കൂടുതൽ ഫലപ്രദമാകുകയും ചെയ്യുന്നു.

കൈയിലേക്കും തലച്ചോറിലേക്കും രക്തം എത്തിക്കുന്ന രക്തക്കുഴലിനുള്ള സങ്കീർണമായ വീക്കമായ സബ്ക്ലേവിയൻ അർട്ടറി അന്യൂറിസത്തിനും നൂതന ചികിത്സാ രീതി വികസിപ്പിച്ചെടുത്തു. മുൻവശത്തെ മാറെല്ലും വാരിയെല്ലുകളും തുറന്നാണ് പരമ്പരാഗതമായി ശസ്ത്രക്രിയ നടത്തിയിരുന്നത്. എന്നാൽ ചെറിയ മുറിവിലൂടെ ശസ്ത്രക്രിയ നടത്തുന്നതാണ് പുതിയ രീതി. ഇത് മൂലം ശസ്ത്രക്രിയയുടെ ദൈർഘ്യം കുറയ്ക്കാനും രക്തനഷ്ടം കുറയ്ക്കാനും സാധിക്കുന്നു. മാത്രമല്ല രോഗിയുടെ ആരോഗ്യം പെട്ടെന്ന് മെച്ചപ്പെടുകയും ചെയ്യുന്നു.

അതിസങ്കീർണമായ ഹൃദയ ശസ്ത്രക്രിയകളിൽ വിജയം കൈവരിച്ച ഈ നൂതന രീതികൾ, പരമ്പരാഗത ഹൃദയ ശസ്ത്രക്രിയാ രീതികളിൽ നിന്നും വലിയ മുന്നേറ്റമാണ്. ലോകത്ത് അത്യപൂർവമായി മാത്രം കാണുന്ന ക്യൂട്ടിസ് ലാക്സ തൊറാസിക് അയോർട്ടിക് അന്യൂറിസം എന്ന ജനിതക രോഗത്തിനുള്ള സങ്കീർണ ശസ്ത്രക്രിയ വിജയകരമാക്കി കാർഡിയോതൊറാസിക് വിഭാഗം കഴിഞ്ഞ വർഷവും രാജ്യാന്തര ശ്രദ്ധ നേടിയിരുന്നു. കാർഡിയോ തൊറാസിക് സർജറി വിഭാഗം മേധാവിയും, ആശുപത്രി സൂപ്രണ്ടുമായ ഡോ. ടി.കെ. ജയകുമാറിന്റെ നേതൃത്വത്തിൽ ഡോ. മഞ്ജുഷ എൻ. പിള്ള, ഡോ. വീണ വാസുദേവ്, ഡോ. ദിനേശ് കുമാർ, ഡോ. നൗഫൽ, ഡോ. നിതീഷ്, ഡോ. വിനീത എന്നിവരുടെ സംഘമാണ് അതി സങ്കീർണമായ ഹൃദയ ശസ്ത്രക്രിയകളിൽ നവീന രീതികൾ അവലംബിച്ച് വിജയകരമാക്കിയത്. ഇവിടെ നടക്കുന്ന ഗവേഷണങ്ങൾ, സാധാരണ രോഗികൾക്ക് ഫലപ്രദമായ നൂതന ചികിത്സ ഉറപ്പുവരുത്തുകയും ചികിത്സാ ചെലവ് കുറക്കുകയും ചെയ്യുന്നു.

# റെയിൽവേയിൽ ജോലി വാഗ്ദാനം; തട്ടിയെടുത്തതു കോടികൾ

തലശേരി: റെയിൽവേയിൽ ജോലി വാഗ്ദാനം ചെയ്ത് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നു കോടികൾ തട്ടിയെടുത്ത സംഭവത്തിൽ തലശേരി പോലീസ് അന്വേഷണം ഊർജിതമാക്കി. ഇന്ത്യൻ റെയിൽവേയിൽ ക്ലർക്ക്, ട്രെയിൻ മാനേജർ, സ്റ്റേഷൻ മാനേജർ തുടങ്ങിയ ജോലികൾ വാഗ്ദാനം ചെയ്താണ് കോടികളുടെ തട്ടിപ്പ് നടത്തിയത്.

സംഭവത്തിൽ തലശേരി പോലീസ് രജിസ്റ്റർ ചെയ്ത കേസിലെ മൂന്നാം പ്രതി ഗീതാറാണി മുൻകൂർ ജാമ്യാപേക്ഷ നൽകി. തിരുവനന്തപുരം മലയിൻകീഴ് സ്വദേശിയായ ഗീതാറാണി സമാനമായ ഏഴ് കേസുകളിൽ പ്രതിയാണെന്ന് പോലീസ് വൃത്തങ്ങൾ പറഞ്ഞു.കൊയ്യോട് സ്വദേശി ശ്രീകുമാർ നൽകിയ പരാതിയിലാണ് ഗീതാ റാണി ഉൾപ്പെടെ മൂന്നുപേരെ പ്രതി ചേർത്ത് ടൗൺ പോലീസ് കേസെടുത്തത്. ഒന്നാം പ്രതിയും സിപിഎം നേതാവും മുൻ ബ്ലോക്ക് പഞ്ചായത്തംഗവുമായിരുന്ന ചൊക്ലി നാടുമ്പ്രത്തെ കെ. ശശിയെ നേരത്തെ പോലീസ് അറസ്റ്റ് ചെയ്തിരുന്നു.

ഇയാൾ ഇപ്പോൾ റിമാൻഡിലാണുള്ളത്. കേസിലെ രണ്ടാംപ്രതി ശരത്ത് (അജിത്ത്) ഒളിവിലാണ്. റെയിൽവേ റിക്രൂട്ടിംഗ് ബോർഡ് സീനിയർ ഓഫീസർ ചമഞ്ഞാണ് ഗീതാറാണി തട്ടിപ്പ് നടത്തിയതെന്ന് പോലീസ് അന്വഷണത്തിൽ കണ്ടെത്തിയിരുന്നു. ശ്രീകുമാറിന് ആദ്യം റെയിൽവേയിൽ ക്ലർക്ക് ജോലിയാണ് വാഗ്ദാനം ചെയ്തത്.18 ലക്ഷം രൂപയാണ് ഇതിനായി കൈപ്പറ്റിയത്. ഒറിജിനലിനെ വെല്ലുന്ന നിയമനക്കത്ത് നൽകുകയും തൃശിനാപ്പിള്ളിയിൽ ക്ലർക്കായി ജോലിയിൽ പ്രവേശിക്കാൻ നിർദേശിക്കുകയും ചെയ്തു. തൊട്ടടുത്ത ദിവസംതന്നെ ബിടെക് ഉള്ളതിനാൽ ട്രെയിൻ മാനേജർ പോസ്റ്റ് നൽകാമെന്ന് പറഞ്ഞ് 20 ലക്ഷം രൂപ കൂടി വാങ്ങി.നിയമനക്കത്ത് നൽകുകയും ബംഗളൂരുവിൽ ജോലിയിൽ പ്രവേശിക്കാൻ നിർദേശം നൽകുകയുമായിരുന്നു. ജോലിയിൽ ചേരാൻ ചെന്നപ്പോഴാണ് വൻതട്ടിപ്പ് സംഘത്തിന്റെ വലയിലാണ് തങ്ങൾ പെട്ടിട്ടുള്ളതെന്ന് ഉദ്യോഗാർഥികളും ബന്ധുക്കളും മനസിലാക്കുന്നത്.

## ഹേമ കമ്മിറ്റി റിപ്പോർട്ട്: നടപടി ആവശ്യപ്പെട്ട് ഹൈക്കോടതിയിൽ ഹർജി

തിരുവനന്തപുരം: ഹേമ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടി ആവശ്യപ്പെട്ട് ഹൈക്കോടതിയിൽ പൊതുതാത്പര്യ ഹർജി നൽകി. തിരുവനന്തപുരം സ്വദേശി നൽകിയ ഹർജി ഹൈക്കോടതി വ്യാഴാഴ്ച പരിഗണിക്കും.റിപ്പോർട്ടും ആധാരമാക്കിയ തെളിവുകളും വിളിച്ചു വരുത്തണമെന്നും റിപ്പോർട്ടിന്മേൽ ക്രിമിനൽ നടപടി സ്വീകരിക്കാൻ ഡിജിപിക്ക് നിർദേശം നൽകണമെന്നുമാണ് ഹർജിയിലെ ആവശ്യങ്ങൾ.

റിപ്പോർട്ട് സർക്കാർ പൂഴ്ത്തിയിട്ടില്ലെന്നും പുറത്ത് വിടരുതെന്ന് ജസ്റ്റീസ് ഹേമ തന്നെ കത്ത് നൽകിയിട്ടുണ്ടെന്നും മുഖ്യമന്ത്രി പിണറായി വിജയൻ വ്യക്തമാക്കി.സർക്കാരിന് ഇക്കാര്യത്തിൽ ഒറ്റ നയമാണുള്ളത്. റിപ്പോർട്ട് പുറത്ത് വരുന്നതിന് സർക്കാർ എതിരല്ലെന്ന് മുഖ്യമന്ത്രി പറഞ്ഞു.

## പുലികളി നടത്തണോ എന്നത് തൃശൂർ കോർപ്പറേഷന് തീരുമാനിക്കാം: എം. ബി. രാജേഷ്

തിരുവനന്തപുരം: ഓണാഘോഷത്തിന്റെ ഭാഗമായി പുലികളി നടത്തണോ എന്നത് തൃശൂർ കോർപ്പറേഷനാണ് തീരുമാനിക്കേണ്ടതെന്ന് മന്ത്രി എം.ബി. രാജേഷ്. വയനാട് ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ ഓണാഘോഷ പരിപാടികൾ വിപുലമായി നടത്തേണ്ടതില്ല എന്നാണ് സർക്കാർ തീരുമാനിച്ചിരിക്കുന്നത് എന്ന് മന്ത്രി അറിയിച്ചു.

വയനാട് ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ പുലിക്കളി നടത്തേണ്ടതില്ലെന്ന് തൃശൂർ കോർപ്പറേഷൻ നേരത്തെ തീരുമാനിച്ചിരുന്നു. പിന്നാലെ പ്രതിഷേധവുമായി പുലികളി സംഘാടകസമിതി രംഗത്തെത്തിയിരുന്നു. ഈ സാഹചര്യത്തിലാണ് മന്ത്രിയുടെ പ്രതികരണം

# കെ ഫോണിൻെറ വാണിജ്യ ഇൻറർനെറ്റ് സേവനങ്ങൾക്ക് ടെക്നോപാർക്കിൽ തുടക്കം

തിരുവനന്തപുരം: സംസ്ഥാനത്ത് അതിവേഗ ഇൻറർനെറ്റ് സേവനം ലഭ്യമാക്കുന്നതിനായി സർക്കാർ നടപ്പാക്കുന്ന കേരള ഫൈബർ ഒപ്റ്റിക് നെറ്റ്വർക്കിൻറെ (കെ ഫോൺ) വാണിജ്യ ഇൻറർനെറ്റ് സേവനങ്ങൾക്ക് ടെക്നോപാർക്ക് കാമ്പസിൽ തുടക്കമായി.

'സിനർജി 2024' എന്ന പേരിൽ സംഘടിപ്പിച്ച ചടങ്ങിൽ ടെക്നോപാർക്കിലെ കെ ഫോൺ സേവനങ്ങളുടെ ഉദ്ഘാടനം ടെക്നോപാർക്ക് സിഇഒ കേണൽ സഞ്ജീവ് നായർ (റിട്ട) നിർവ്വഹിച്ചു.

ടെക്നോപാർക്കിന് ഇതൊരു നാഴികക്കല്ലാണെന്നും കെ ഫോൺ സേവനങ്ങൾ ടെക്നോപാർക്കിൻറെ പ്രവർത്തനങ്ങളിൽ സുപ്രധാന പങ്കുവഹിക്കുമെന്നും സിഇഒ പറഞ്ഞു. ഉദ്യോഗസ്ഥരും ജീവനക്കാരും കെ ഫോൺ കണക്റ്റിവറ്റി പരമാവധി പ്രയോജനപ്പെടുത്തണം. ടെക്നോപാർക്കിലെ ഐടി ആവാസവ്യവസ്ഥയ്ക്ക് കെ ഫോൺ കണക്റ്റിവിറ്റിയുടെ നേട്ടങ്ങൾ ഗുണകരമാകുമെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.




*ടെക്നോപാർക്കിലെ കെ ഫോൺ വാണിജ്യ ഇൻറർനെറ്റ് സേവനങ്ങളുടെ ഉദ്ഘാടനം നിർവ്വഹിച്ച് ടെക്നോപാർക്ക് സിഇഒ കേണൽ സഞ്ജീവ് നായർ (റിട്ട) സംസാരിക്കുന്നു.*

23,000 വീടുകളിൽ ഇതിനോടകം കെ ഫോൺ കണക്ഷനുകൾ സ്ഥാപിക്കാനായെന്നും ടെക്നോപാർക്കിലെ പ്രവർത്തനം കെ ഫോണിന് കൂടുതൽ കരുത്ത് പകരുമെന്നും കെ ഫോൺ പ്രിൻസിപ്പൽ സെക്രട്ടറിയും മാനേജിംഗ് ഡയറക്ടറുമായ ഡോ. സന്തോഷ് ബാബു പറഞ്ഞു. കെ ഫോണിൻറെ സുഗമമായ കണക്റ്റിവിറ്റി ഐടി വ്യവസായത്തിന് മുതൽക്കൂട്ടാകുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

കെ ഫോൺ ലിമിറ്റഡ് ചീഫ് ടെക്നിക്കൽ ഓഫീസർ രാജ കിഷോർ യല്ലാമതി കെ ഫോണിനെയും അതിൻറെ നേട്ടങ്ങളെയും കുറിച്ച് വിശദമായ അവതരണം നടത്തി. നാസ്കോം റീജണൽ മേധാവി എം എസ് സുജിത് ഉണ്ണി, ജിടെക് വൈസ് ചെയർമാനും ഓസ്പിൻ ടെക്നോളജീസ് സിഇഒയുമായ പ്രസാദ് വർഗീസ് എന്നിവർ ഐടി മേഖലയിലെ ടെലികോം പ്രവണതകളെയും ഐടി സമൂഹത്തിന് കെ ഫോണിലൂടെ സാധ്യമാകുന്ന അടിസ്ഥാന സൗകര്യങ്ങളെയും കണക്റ്റിവിറ്റിയെയും കുറിച്ച് സംസാരിച്ചു.

കെ ഫോൺ ജനറൽ മാനേജർ മോസസ് രാജ്കുമാർ, കെ ഫോൺ സിഎഫ്ഒ രശ്മി കുറുപ്പ് എന്നിവരും ചടങ്ങിൽ പങ്കെടുത്തു.

## റഷ്യയുക്രെയ്ൻ സംഘർഷം ചർച്ചയിലൂടെ പരിഹരിക്കണമെന്ന് മോദി

വാർസോ: റഷ്യ യുക്രെയ്ൻ യുദ്ധം ചർച്ചയിലൂടെ പരിഹരിക്കണമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. യുദ്ധം മാനവരാശിക്കാകെ ഭീഷണിയാണെന്നും ചർച്ചയ്ക്ക് ഇന്ത്യ എല്ലാ പിന്തുണയും നൽകുമെന്നും മോദി പറഞ്ഞു.

പോളിഷ് പ്രധാനമന്ത്രി ഡോണൾഡ് ടസ്കുമായുള്ള കൂടിക്കാഴ്ചയ്ക്ക് ശേഷമായിരുന്നു പ്രധാനമന്ത്രിയുടെ പ്രതികരണം. ഡോണൾഡ് ടസ്കുമായുള്ള കൂടിക്കാഴ്ചക്ക് ശേഷം ഇന്ത്യൻ സമൂഹം നൽകുന്ന സ്വീകരണത്തിലും മോദി പങ്കെടുക്കുന്നുണ്ട്. ഇതിന് ശേഷം പോളണ്ടിൽ നിന്ന് ട്രെയിനിൽ മോദി യുക്രെയ്നിലേക്ക് പോകും.

പോളണ്ടിലെ അതിർത്തി നഗരമായ ഷെംഷോയിൽ നിന്ന് പത്തു മണിക്കൂർ ട്രെയിൻ യാത്ര നടത്തിയാവും മോദി കീവിൽ എത്തുക. നയതന്ത്ര ബന്ധം ആരംഭിച്ച് 30 വർഷമാകുമ്പോളാണ് ഒരു ഇന്ത്യൻ പ്രധാനമന്ത്രി യുക്രെയ്ൻ സന്ദർശിക്കുന്നത്.

## സിനിമയിൽ പവർ ഗ്രൂപ്പുണ്ട്; ഒരു സംവിധായകൻ മോശമായി പെരുമാറി: നടി ഉഷ

തിരുവനന്തപുരം: ഹേമ കമ്മിറ്റി റിപ്പോർട്ടിലുള്ള കാര്യങ്ങൾ യാഥാർത്ഥ്യമാണെന്നും ഇരകൾ പരാതി നൽകാൻ തയാറാകണമെന്നും നടി ഉഷ ഹസീന. സിനിമാരംഗത്ത് പ്രവർത്തിക്കുന്ന ചിലർ മോശമായി പ്രവർത്തിക്കുന്നുണ്ട്. സർക്കാർ ഈ വിഷയത്തിൽ ഇടപെടണം.

ഹേമാ കമ്മിറ്റി റിപ്പോർട്ടിൽ പരാമർശിച്ചിരിക്കുന്ന ആളുകളിൽ പലരും വിവിധ സംഘടനകളുടെ ഉന്നത സ്ഥാനത്തിരിക്കുന്നുണ്ട്. അങ്ങനെയുള്ളവർക്കെതിരെ നടപടിയെടുത്തില്ലെങ്കിൽ അവർ ഇതുതന്നെ തുടരും. അവർക്കെതിരെ നടപടിയെടുക്കുകയും മാറ്റിനിർത്തുകയും വേണമെന്നും ഉഷ ഹസീന പറഞ്ഞു.

താൻ ഒരു സിനിമയിൽ അഭിനയിക്കാൻ പോയപ്പോൾ സംവിധായകൻ വലിയ കുഴപ്പക്കാരനാണെന്ന് പലരും പറഞ്ഞിരുന്നു. തുടർന്ന് ബാപ്പയുടെ കൂടെയാണ് ഷൂട്ടിംഗിന് പോയത്. ഈ സംവിധായകന് ഓരോ രീതികളുണ്ട്. നമുക്ക് വലിയ സ്വാതന്ത്ര്യമാണ് ആദ്യ ദിവസങ്ങളിൽ തരിക. പിന്നീട് മുറിയിലേക്ക് ചെല്ലാൻആവശ്യപ്പെടും.

എന്നോട് പറഞ്ഞപ്പോൾ ഞാൻ ബാപ്പയേയും കൂട്ടിയാണ് ചെന്നത്. പിന്നെ സെറ്റിൽ ചെന്നപ്പോൾ വളരെ മോശമായി പെരുമാറി. ഒരിക്കൽ സഹികെട്ട് ചെരിപ്പൂരി അടിക്കാൻ ചെന്നുവെന്നും മലയാള സിനിമയിൽ പവർ ഗ്രൂപ്പുണ്ടെന്നും ഉഷ വ്യക്തമാക്കി.

## ജെസ്ന തിരോധാനം: ലോഡ്ജ് ജീവനക്കാരിയെ നുണപരിശോധനയ്ക്ക് വിധേയയാക്കാൻ സിബിഐ

കോട്ടയം: ജെസ്നയെ ലോഡ്ജിൽ കണ്ടെന്ന വെളിപ്പെടുത്തൽ നടത്തിയ മുൻ ലോഡ്ജ് ജീവനക്കാരിയുടെ മൊഴി സിബിഐ പരിശോധിക്കുന്നു. ആവശ്യമെങ്കിൽ ഇവരെ നുണ പരിശോധനയ്ക്കു വിധേയമാക്കും. കേസുമായി ബന്ധപ്പെട്ടു മുൻ കാലങ്ങളിൽ നിരവധി വെളിപ്പെടുത്തലുകൾ ഉണ്ടായിട്ടുള്ള സാഹചര്യങ്ങൾ എല്ലാ കാര്യങ്ങളും സിബിഐ വിശദമായി പരിശോധിക്കുന്നുണ്ട്.മുണ്ടക്കയം ടിബിയിൽ ബുധനാഴ്ച സിബിഐ ഉദ്യോഗസ്ഥർ ലോഡ്ജ് ജീവനക്കാരിയിൽനിന്നു വിവരങ്ങൾ ചോദിച്ചറിഞ്ഞിരുന്നു. 2018 മാർച്ച് 22നാണ് ജെസ്നയെ കാണാതാകുന്നത്. നാലു വർഷത്തിനു ശേഷം വെളിപ്പെടുത്തൽ നടത്തേണ്ടിവന്നതിൽ കുറ്റബോധമുണ്ടെന്നും മുൻപ് വെളിപ്പെടുത്താൻ ലോഡ്ജ് ഉടമ അനുവദിച്ചിരുന്നില്ലെന്നും ഇവർ പറഞ്ഞു.

പറയേണ്ടതെല്ലാം സിബിഐയോടു പറഞ്ഞെന്നും ശേഷിക്കുന്നത് കോടതിയെ ബോധ്യപ്പെടുത്തുമെന്നും ലോഡ്ജ് ജീവനക്കാരി മാധ്യമങ്ങളോടു പറഞ്ഞു. ഉടമയുമായി വ്യക്തിവിരോധം തീർക്കാനല്ല ഇത്തരത്തിൽ ആരോപണം ഉന്നയിക്കുന്നതെന്നും പറഞ്ഞു.ജെസ്ന തിരോധാനത്തിൽ തുടരന്വേഷണം നടത്താൻ രണ്ടു മാസമായി സിബിഐ മുണ്ടക്കയം, എരുമേലി പ്രദേശങ്ങളിൽ ക്യാമ്പ് ചെയ്യുന്നുണ്ട്. ലോഡ്ജ് ജീവനക്കാരിയുടെ വെളിപ്പെടുത്തലിന്റെ അടിസ്ഥാനത്തിലാണ് ചൊവാഴ്ച ഉടമയെയും സിബിഐ വിളിച്ചുവരുത്തിയിരുന്നു.

## ഇൻറർ കോണ്ടിനെൻറൽ കപ്പ്; ഇന്ത്യൻ ഫുട്ബോൾ ടീമിനെ പ്രഖ്യാപിച്ചു

ന്യൂഡൽഹി : ഹൈദരാബാദിൽ നടക്കുന്ന ത്രിരാഷ്ട്ര ഇൻറർ കോണ്ടിനെൻറൽ കപ്പിനുള്ള ഇന്ത്യയുടെ ഫുട്ബോൾ ടീമിനെ പ്രഖ്യാപിച്ചു.

26 അംഗടീമിനെയാണ് കോച്ച് മനോലോ മാർക്വേസ് പ്രഖ്യാപിച്ചത്. സഹൽ അബ്ദുൽ സമദ് മാത്രമാണ് ടീമിൽ ഇടംപിടിച്ച ഏക മലയാളിതാരം.31ന് ഹൈദരാബാദിലാണ് ഇന്ത്യൻ ക്യാമ്പിന് തുടക്കമാവുക. സെപ്റ്റംബർ മൂന്ന് മുതൽ ഒമ്പതു വരെ നടക്കുന്ന ടൂർണമെൻറിൽ സിറിയയും മൗറിഷ്യസുമാണ് ഇന്ത്യയെ കൂടാതെ കളിക്കുന്നത്. സെപ്റ്റംബർ മൂന്നിന് ഇന്ത്യ ആദ്യ മത്സരത്തിൽ മൗറിഷ്യസിനെ നേരിടും.ഈസ്റ്റ് ബംഗാൾ ഗോൾ കീപ്പർ പ്രഭ്സുഖൻ സിംഗ് ഗില്ലും മോഹൻ ബഗാൻ റൈറ്റ് ബാക്ക് ആശിഷ് റായിയുമാണ് ടീമിലെ പുതുമുഖങ്ങൾ. ടൂർണമെൻറിൽ 2018ലും 2023ലും ഇന്ത്യ ചാമ്പ്യൻമാരായിരുന്നു.

ഗോൾകീപ്പർമാർ: ഗുർപ്രീത് സിംഗ്, അമരീന്ദർ സിംഗ്, പ്രഭ്സുഖൻ സിംഗ് ഗിൽ.ഡിഫൻഡർമാർ: നിഖിൽ പൂജാരി, രാഹുൽ ഭേക്കെ, ചിങ്ലെൻസന സിംഗ് കോൺഷാം, റോഷൻ സിംഗ് നൗറെം, അൻവർ അലി, ജയ് ഗുപ്ത, ആശിഷ് റായ്, സുഭാഷിഷ് ബോസ്, മെഹ്താബ് സിംഗ്.മിഡ്ഫീൽഡർമാർ: സുരേഷ് സിംഗ് വാങ്ജം, ജീക്സൺ സിംഗ്, നന്ദകുമാർ സെക്കർ, നവോറെം മഹേഷ് സിംഗ്, യാസിർ മുഹമ്മദ്, ലാലെങ്മാവിയ റാൾട്ടെ, അനിരുദ്ധ് താപ്പ, സഹൽ അബ്ദുൾ സമദ്, ലാലിയൻസുവാല ചാങ്തെ, ലാൽതംഗ ഖൗൽഹിംഗ്.ഫോർവേഡുകൾ: കിയാൻ നസിരി ഗിരി, എഡ്മണ്ട് ലാൽറിൻഡിക, മൻവീർ സിംഗ്, ലിസ്റ്റൺ കൊളാക്കോ.

## ഡ്രഡ്ജർ എത്തിയില്ല; ഉറപ്പ് പാലിക്കാതെ കർണാടക, ഷിരൂർ ദൗത്യം വീണ്ടും അനിശ്ചിതത്വത്തിൽ

ബംഗളൂരു: കർണാടത്തിലെ ഷിരൂരിൽ മണ്ണിടിച്ചിലിൽ കാണാതായ കോഴിക്കോട് സ്വദേശി അർജുൻ അടക്കമുള്ളവരെ തെരയുന്നതിനു ഗോവയിൽനിന്ന് ഡ്രഡ്ജർ എത്തിക്കുമെന്ന ഉറപ്പ് കർണാടക പാലിച്ചില്ല. ഇന്ന് ഡ്രഡ്ജർ എത്തിക്കുമെന്നാണ് ഗംഗാവലി പുഴയിൽ തെരച്ചിൽ നർത്തിവയ്ക്കുമ്പോൾ നൽകിയ ഉറപ്പ്. ഡ്രഡ്ജർ കൊണ്ടുവരുന്നതിനു ഒരു കോടി രൂപയാണ് ചെലവു വരിക. ഈ തുകയുടെ കാര്യത്തിൽ തീരുമാനമായിട്ടില്ല.

50 ലക്ഷം രൂപ ഡിസാസ്റ്റർ മാനേജ്മെൻറ് ഫണ്ടിൽനിന്നു ചെലവഴിക്കാൻ തീരുമാനമായതായാണ് വിവരം. ബാക്കി 50 ലക്ഷം കൂടി വേണം. ഇത്രയും തുക മുടക്കി തെരച്ചിൽ തുടരുന്ന കാര്യത്തിൽ സർക്കാർ തലത്തിൽ തീരുമാനം വേണം. അതു നീളുകയാണ്.

കേരള സർക്കാർ ഇക്കാര്യത്തിൽ ഇടപെടണമെന്ന് അർജുന്റെ കുടുംബം ആവശ്യപ്പെട്ടിരുന്നുവെങ്കിലും പുരോഗതി ഉണ്ടായിട്ടില്ല. പാർട്സുകളാക്കി ഗോവയിൽനിന്ന് കടൽവഴി ഡ്രഡ്ജർ കൊണ്ടുവരുന്നതിനു കപ്പൽ സംഘം ഇന്നലെ സ്ഥലം സന്ദർശിച്ചിട്ടുണ്ട്.

പുഴയിലെ പാലത്തിന്റെ അളവെടുത്തശേഷം കപ്പലിൽ കൊണ്ടുവരാൻ പറ്റുമെന്ന് അവർ അറിയിച്ചിട്ടുണ്ട്. എന്നാൽ സർക്കാർ ഇതിനു പച്ചക്കൊടി കാട്ടണം. അർജുന്റെ ബന്ധുക്കൾ എഐസിസി ജനറൽ സെക്രട്ടറി കെ.സി. വേണുഗോപാലുമായി ബന്ധപ്പെട്ടുവരികയാണ്.

കർണാടകയിലെ കോൺഗ്രസ് സർക്കാറിൽ സമ്മർദം ചെലുത്തുന്നതിനാണ് ശ്രമം. അതേസമയം, ഗംഗാവലി പുഴയിൽ ഒഴുക്ക് ശക്തമായതിനാൽ തെരച്ചിൽ ഉടൻ തുടങ്ങില്ലെന്ന് കർണാടക സർക്കാർ ഹൈക്കോടതിയ അറിയിച്ചിട്ടുണ്ട്.

## കേരള ബാങ്ക് ജീവനക്കാർ 5.25 കോടി രൂപ നൽകി

വയനാട് ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ കേരള ബാങ്കിലെ ജീവനക്കാർ 5.25 കോടി രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് നൽകി.

കേരള ബാങ്ക് പ്രസിഡന്റ് ഗോപി കോട്ടമുറിയ്ക്കൽ മുഖ്യമന്ത്രി പിണറായി വിജയന് ചെക്ക് കൈമാറി. സഹകരണ, തുറമുഖ വകുപ്പ് മന്ത്രി വി.എൻ. വാസവൻ, കടകംപള്ളി സുരേന്ദ്രൻ എംഎൽഎ, ബാങ്ക് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ജോർട്ടി എം ചാക്കോ, കെ.ബി.ഇ.എഫ് ജനറൽ സെക്രട്ടറി കെ.ടി. അനിൽകുമാർ, കേരള ബാങ്ക് എംപ്ലോയീസ് കോൺഗ്രസ് ജനറൽ സെക്രട്ടറി കെ.എസ്. ശ്യാംകുമാർ എന്നിവരും സന്നിഹിതരായിരുന്നു.

കേരള ബാങ്കിലെ ജീവനക്കാർ സ്വമേധയാ അഞ്ചു ദിവസത്തെ ശമ്പളം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് സംഭാവന ചെയ്യാൻ തീരുമാനമെടുക്കുകയും ജീവനക്കാരുടെ സംഘടനകൾ ഇതിനെ പിന്തുണയും ചെയ്തതിനെ തുടർന്നാണ് ചെക്ക് കൈമാറിയത്.

കേരള ബാങ്ക് 50 ലക്ഷം രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് ജൂലൈ 30ന് തന്നെ നൽകിയിരുന്നു.

## പീഡനക്കേസിൽ അതിവേഗ കോടതി സ്ഥാപിക്കണം; പ്രധാനമന്ത്രിക്ക് കത്തയച്ച് മമത ബാനർജി

ന്യൂഡൽഹി: പീഡനക്കേസ് പ്രതികൾക്ക് കടുത്ത ശിക്ഷലഭിക്കുന്ന തരത്തിൽ നിയമനിർമാണം നടത്തണമെന്ന് ആവശ്യപ്പെട്ട് ബംഗാൾ മുഖ്യമന്ത്രി മമത ബാനർജി പ്രധാനമന്ത്രിക്ക് കത്തയച്ചു. രാജ്യത്ത് ഓരോ ദിവസവും പീഡനക്കേസുകൾ കൂടിവരുകയാണ്.

ഈ സ്ഥിതി ആശങ്കാജനകമാണ്. പീഡനക്കേസിൽ ശിക്ഷ വിധിക്കുന്നതിനായി അതിവേഗ കോടതി സ്ഥാപിക്കണം.15 ദിവസത്തിനകം ശിക്ഷ നടപ്പാക്കുന്ന അതിവേഗ സംവിധാനമായിരിക്കണം നടപ്പാക്കേണ്ടതെന്നും മമത ബാനർജി പ്രധാനമന്ത്രിക്ക് അയച്ച കത്തിൽ പറയുന്നു.കോൽക്കത്തയിൽ ഡോക്ടർ പീഡനത്തിനിരയായി കൊല്ലപ്പെട്ട സംഭവത്തിൽ രാജ്യവ്യാപക പ്രതിഷേധം ഉയരുന്നതിനിടെയാണ് മമത ബാനർജി പ്രധാനമന്ത്രിക്ക് കത്തയക്കുന്നത്. അതിക്രൂര കുറ്റങ്ങൾ നടത്തുന്ന കുറ്റവാളികൾക്ക് കടുത്ത ശിക്ഷ ഉറപ്പാക്കുന്നതിന് കേന്ദ്രം നിയമ നിർമാണം നടത്തണമെന്നും മമത ബാനർജിയുടെ കത്തിൽ പറയുന്നു.

## ഹേമ കമ്മിറ്റി റിപ്പോർട്ട്; കടുത്ത നടപടികൾ സ്വീകരിക്കണം: ഗവർണർ

തിരുവനന്തപുരം: ഹേമ കമ്മിറ്റി റിപ്പോർട്ടിന്റെ പൂർണരൂപം ഹാജരാക്കണമെന്ന ഹൈക്കോടതി നിർദേശം സ്വാഗതാർഹമെന്ന് ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ. സ്ത്രീകളെ വിനോദോപാധി മാത്രമായി കാണുന്ന പ്രശ്നം അതീവ ഗുരുതരമാണ്. ഇത്തരക്കാർക്കെതിരെ കടുത്ത നിയമനടപടികൾ സ്വീകരിക്കണമെന്നും ഗവർണർ പറഞ്ഞു. റിപ്പോർട്ടിൽ പേരുകൾ ഉണ്ടെങ്കിൽ അവർക്കെതിരെ അന്വേഷണ ഏജൻസിക്ക് നടപടി സ്വീകരിക്കാം. റിപ്പോർട്ടിൽ തുടർനടപടി ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുകയാണ്.

ഹൈക്കോടതി നിരീക്ഷണങ്ങളെ സർക്കാർ ബഹുമാനിക്കുമെന്ന് കരുതുന്നു. റിപ്പോർട്ട് താൻ കണ്ടിട്ടില്ല. പൂർണമായ റിപ്പോർട്ട് ഹൈക്കോടതി ചോദിച്ച സാഹചര്യത്തിൽ ശക്തമായ നടപടി ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും ഗവർണർ പറഞ്ഞു.

## ജനതാദൾ പ്രവർത്തകരുടെ കൊലപാതകം: സിപിഎം നേതാവ് ഉൾപ്പെടെ ആറുപേരെ വെറുതെവിട്ടു

പാലക്കാട്: ജനതാദൾ പ്രവർത്തകരെ ജീപ്പിടിച്ച് കൊലപ്പെടുത്തിയ കേസിൽ ആറുപേരെ വെറുതെവിട്ടു. സിപിഎം പാലക്കാട് ജില്ലാ സെക്രട്ടറി ഇ.എൻ. സുരേഷ് ബാബു, പ്രവർത്തകരായ അത്തിമണി അനിൽ, കൃഷ്ണൻകുട്ടി, ഷൺമുഖൻ, പാർഥൻ, ഗോകുൽദാസ് എന്നിവരെയാണ് വെറുതെ വിട്ടത്. വണ്ടിത്താവളം സ്വദേശികളും ജനതാദൾ പ്രവർത്തകരുമായ ശിവദാസ്, കറുപ്പസ്വാമി എന്നിവരെ ജീപ്പിടിച്ച് കൊലപ്പെടുത്തിയ കേസിലാണ് വിധി. പാലക്കാട് അതിവേഗ കോടതിയാണ് ആറുപേരെ വെറുതേ വിട്ടത്.

2002 ൽ ആണ് കേസിനാസ്പദമായ സംഭവം. ശിവദാസും, കറുപ്പസ്വാമിയും സഞ്ചരിച്ചിരുന്ന ബൈക്കിൽ ജീപ്പിടിക്കുകയായിരുന്നു. അപകട മരണമെന്നാണ് ആദ്യം കരുതിയിരുന്നത്. എന്നാൽ പിന്നീട് കൊലപാതകമെന്ന് തെളിയുകയായിരുന്നു.




**വെള്ളായണി പാലം നിർമാണോദ്ഘാടനം മന്ത്രി മുഹമ്മദ് റിയാസ് നിർവഹിക്കുന്നു**

## ഹേമ കമ്മിറ്റി റിപ്പോർട്ട്: മുഖ്യമന്ത്രി പറയുന്നത് പച്ചക്കള്ളമെന്ന് വി.ഡി. സതീശൻ

തിരുവനന്തപുരം: ഹേമ കമ്മിറ്റി റിപ്പോർട്ടിൽ മുഖ്യമന്ത്രി പറയുന്നത് പച്ചക്കള്ളമാണെന്ന് പ്രതിപക്ഷ നേതാവ് വി ഡി സതീശൻ.റിപ്പോർട്ടുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രി നടത്തിയ പ്രതികരണം കാപട്യം നിറഞ്ഞതും സ്വന്തം ഉത്തരവാദിത്തത്തിൽനിന്നുള്ള ഒളിച്ചോട്ടവുമാണ്. റിപ്പോർട്ട് ഒരു കാരണവശാലും പുറത്തുവിടരുതെന്ന് ഹേമ കമ്മിഷൻ അറിയിച്ചുവെന്നാണ് മുഖ്യമന്ത്രി പറഞ്ഞത്. എന്നാൽ അവർ കൊടുത്ത കത്തിൽ അങ്ങനെ പറഞ്ഞിട്ടില്ല. ആ കത്ത് പുറത്തു വരുമെന്ന് മുഖ്യമന്ത്രി പ്രതീക്ഷിച്ചില്ലെന്നും സതീശൻ പറഞ്ഞു.റിപ്പോർട്ട് പുറത്തു വിടുമ്പോൾ സുപ്രീം കോടതി മാർഗനിർദേശം പാലിക്കണമെന്നാണ് ഹേമ കമ്മിറ്റി ആവശ്യപ്പെട്ടത്. കത്ത് ദുർവ്യാഖ്യാനം ചെയ്ത മുഖ്യമന്ത്രി മാപ്പ് പറയണമെന്നും വി.ഡി. സതീശൻ ആവശ്യപ്പെട്ടു.പോക്സോ നിയമപ്രകാരം കേസെടുക്കേണ്ട കാര്യം വരെ റിപ്പോർട്ടിലുണ്ട്. പോക്സോ നിയമപ്രകാരം കേസെടുക്കേണ്ട ഒരു കുറ്റകൃത്യത്തെക്കുറിച്ച് അറിഞ്ഞിട്ട് അത് മറച്ചുവയ്ക്കുകയോ റിപ്പോർട്ട് ചെയ്യാതിരിക്കുകയോ ചെയ്താൽ അതൊരു ക്രിമിനൽ കുറ്റമാണ്.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# സിഎസ്ഐആർഎൻഐഐഎസ്ടി ഡയറക്ടർ ഡോ. സി അനന്തരാമകൃഷ്ണൻ രാഷ്ട്രീയ വിഗ്യാൻ ശ്രീ പുരസ്കാരം ഏറ്റുവാങ്ങി

### രാജ്യത്തെ പരമോന്നത ശാസ്ത്രപുരസ്കാരങ്ങൾ രാഷ്ട്രപതി ദ്രൗപദി മുർമു സമ്മാനിച്ചു

തിരുവനന്തപുരം: ശാസ്ത്ര, സാങ്കേതിക മികവിനുള്ള കേന്ദ്ര സർക്കാരിന്റെ രാഷ്ട്രീയ വിഗ്യാൻ ശ്രീ പുരസ്കാരം രാഷ്ട്രപതി ദ്രൗപദി മുർമുവിൽ നിന്ന് സിഎസ്ഐആർനാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻറർ ഡിസിപ്ലിനറി സയൻസ് ആൻഡ് ടെക്നോളജി (എൻഐഐഎസ്ടി) ഡയറക്ടർ ഡോ. സി അനന്തരാമകൃഷ്ണൻ ഏറ്റുവാങ്ങി.രാഷ്ട്രപതി ഭവനിൽ നടന്ന ചടങ്ങിലാണ് ഇന്ത്യയുടെ പരമോന്നത ശാസ്ത്ര പുരസ്കാരങ്ങളിലൊന്നായ രാഷ്ട്രീയ വിഗ്യാൻ ശ്രീ പുരസ്കാരം (കൃഷി ശാസ്ത്രം) സമ്മാനിച്ചത്.



*ശാസ്ത്ര, സാങ്കേതിക മികവിനുള്ള കേന്ദ്ര സർക്കാരിൻറെ രാഷ്ട്രീയ വിഗ്യാൻ ശ്രീ പുരസ്കാരം രാഷ്ട്രപതി ദ്രൗപദി മുർമുവിൽ നിന്ന് സിഎസ്ഐആർനാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻറർ ഡിസിപ്ലിനറി സയൻസ് ആൻഡ് ടെക്നോളജി (എൻഐഐഎസ്ടി) ഡയറക്ടർ ഡോ. സി. അനന്തരാമകൃഷ്ണൻ ഏറ്റുവാങ്ങുന്നു.*

ഭക്ഷ്യകാർഷിക സംസ്കരണ മേഖലകളിലെ മികച്ച സംഭാവനകൾക്ക് കൃഷിശാസ്ത്ര വിഭാഗത്തിലാണ് പ്രഗത്ഭ ശാസ്ത്രജ്ഞനും അക്കാദമിക് വിദഗ്ധനുമായ ഡോ. അനന്തരാമകൃഷ്ണന് പുരസ്കാരം ലഭിച്ചത്. വിവിധ ശാസ്ത്ര സാങ്കേതിക മേഖലകളിൽ പ്രാഗത്ഭ്യം തെളിയിച്ചിട്ടുള്ള 33 പേർ അദ്ദേഹത്തിനൊപ്പം വിവിധ പുരസ്കാരങ്ങൾക്ക് അർഹരായി.

സാങ്കേതിക മേഖലയിലെ പുരോഗതിക്കായി അർപ്പണബോധത്തോടെ പ്രവർത്തിക്കാൻ കൃഷിശാസ്ത്ര വിഭാഗത്തിൽ ലഭിച്ച രാഷ്ട്രീയ വിഗ്യാൻ ശ്രീ പുരസ്കാരം പ്രചോദനമാണെന്ന് ഡോ. സി അനന്തരാമകൃഷ്ണൻ പറഞ്ഞു. ഈ പുരസ്കാരത്തെ വളരെ സന്തോഷത്തോടെയും വിനയത്തോടെയുമാണ് നോക്കിക്കാണുന്നത്.

ശാസ്ത്ര മേഖലയിലെ പുരോഗതി മുന്നിൽക്കണ്ട് എൻഐഐഎസ്ടി ടീമിനൊപ്പം അർപ്പണബോധത്തോടെ പ്രവർത്തിക്കാൻ ഈ അംഗീകാരം പ്രചോദനമാകും. രാജ്യത്തെ ശാസ്ത്രമേഖലയുടെ വളർച്ചയ്ക്കും സമൂഹത്തിൻറെ നേട്ടത്തിനുമായി എൻഐഐഎസ്ടി യ്ക്ക് കൂടുതൽ സംഭാവനകൾ നൽകാൻ കഴിയുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

നാനോ, മൈക്രോ സ്കെയിൽ ഡെലിവറി സിസ്റ്റങ്ങളുടെ രൂപകൽപ്പന, ത്രീഡി ഫുഡ് പ്രിൻറിംഗ്, ഹ്യൂമൻ ഡൈനാമിക് ഗ്യാസ്ട്രോ ഇൻറസ്റ്റൈനൽ സിസ്റ്റവുമായി ബന്ധപ്പെട്ട ഗവേഷണവും ഗ്ലൈസെമിക് സൂചിക പഠനവും, ഭക്ഷ്യ സംസ്കരണ പ്രവർത്തനങ്ങളിലൂടെ ഉണ്ടാകുന്ന ഉത്പന്നങ്ങളും കമ്പ്യൂട്ടേഷണൽ മോഡലിംഗും, സ്പ്രേ ഡ്രൈയിംഗ്, സ്പ്രേ ഫ്രീസ്ഡ്രൈയിംഗ് തുടങ്ങിയവ ഡോ. അനന്തരാമകൃഷ്ണൻറെ ഗവേഷണ മേഖലകളിൽ ഉൾപ്പെടുന്നു.

കർഷകരുടെയും സംരംഭകരുടെയും ഉന്നമനത്തിന് സഹായകമാകുന്നതും വ്യാവസായിക പ്രസക്തിയുള്ളതും സാമൂഹിക നേട്ടങ്ങൾ ലക്ഷ്യമിട്ടുള്ളതുമായ ഗവേഷണ പ്രവർത്തനങ്ങളിലാണ് അദ്ദേഹം ശ്രദ്ധ കേന്ദ്രീകരിക്കുന്നത്.

സിഎസ്ഐആർഎൻഐഐഎസ്ടി വികസിപ്പിച്ച സസ്യാഹാര തുകൽ സാങ്കേതികവിദ്യ ഉൾപ്പെടെയുള്ള അത്യാധുനിക സാങ്കേതികവിദ്യകളിലും അദ്ദേഹത്തിൻറെ കൈയൊപ്പ് പതിഞ്ഞിട്ടുണ്ട്.

എല്ലാ വർഷവും ഈ പുരസ്കാരങ്ങൾ നൽകാനാണ് സർക്കാർ തീരുമാനം. 2023 വരെ ശാന്തി സ്വരൂപ് ഭട്നാഗർ പുരസ്കാരമായിരുന്നു ഇന്ത്യയിലെ ഏറ്റവും വലിയ ശാസ്ത്ര ബഹുമതി.

## കാട്ടാക്കട മണ്ഡലത്തിലെ പദ്ധതികളുടെ പുരോഗതി വിലയിരുത്തി

കാട്ടാക്കട മണ്ഡലത്തിൽ നടപ്പാക്കി വരുന്ന ജലസമൃദ്ധി, ജൈവ സമൃദ്ധി, കാർബൺ ന്യൂട്രൽ കാട്ടാക്കട പദ്ധതികളുടെ പുരോഗതി വിലയിരുത്താൻ ഐ.ബി സതീഷ് എംഎൽഎയുടെ അധ്യക്ഷതയിൽ ഉദ്യോഗസ്ഥരുടെ യോഗം ചേർന്നു. എല്ലാ വകുപ്പുകളും ഏകോപിച്ച് പ്രവർത്തിച്ച് പദ്ധതികൾ വേഗത്തിൽ പൂർത്തിയാക്കണമെന്ന് എംഎൽഎ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി. കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടന്ന യോഗത്തിൽ ജില്ലാ കളക്ടർ അനു കുമാരി, കില ഡയറക്ടർ നിസാമുദ്ദീൻ, ജില്ലാ പ്ലാനിങ് ഓഫീസർ വി.എസ് ബിജു, കാട്ടാക്കട മണ്ഡലത്തിലെ വിവിധ തദ്ദേശഭരണ പ്രതിനിധികൾ എന്നിവരും പങ്കെടുത്തു.

## ഡിപ്ലോമ ഇൻ വെയർഹൗസ് മാനേജ്മെന്റ് കോഴ്സ്

കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസിന്റെ നേതൃത്വത്തിൽ ജില്ലാ നൈപുണ്യ വികസന കേന്ദ്രത്തിൽ ഡിപ്ലോമ ഇൻ വെയർഹൗസ് മാനേജ്മെന്റ് കോഴ്സിലേക്ക് രജിസ്ട്രേഷൻ ആരംഭിച്ചു.

നാല് മാസമാണ് കോഴ്സ് കാലാവധി. ബിരുദമാണ് വിദ്യാഭ്യാസ യോഗ്യത. പ്രായപരിധി 18നും 25നും ഇടയിൽ. 25,000 രൂപയാണ് ഫീസ്. കൂടുതൽ വിവരങ്ങൾക്ക് 9188910569

## ഓംബുഡ്സ്മാൻ സിറ്റിങ്

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെയും പ്രധാനമന്ത്രി ആവാസ് യോജന പദ്ധതിയുടെയും ഓംബുഡ്സ്മാൻ ഇന്ന് (ഓഗസ്റ്റ് 23) പെരുങ്കടവിള ബ്ലോക്ക് പഞ്ചായത്തിൽ സിറ്റിങ് നടത്തുന്നു. രാവിലെ 11 മുതൽ ഒരു മണി വരെയാണ് സിറ്റിങ്.

പെരുങ്കടവിള ബ്ലോക്ക് പ്രദേശത്തെ അമ്പൂരി, ആര്യൻകോട്, കള്ളിക്കാട്, കൊല്ലയിൽ, കുന്നത്തുകാൽ, ഒറ്റശേഖരമംഗലം, പെരുങ്കടവിള, വെള്ളറട ഗ്രാമപഞ്ചായത്തുകളിലെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി തൊഴിലാളികൾ, ഗുണഭോക്താക്കൾ, മേറ്റുമാർ, പൊതുപ്രവർത്തകർ, ജനപ്രതിനിധികൾ, ജീവനക്കാർ എന്നിവർക്കും പ്രധാനമന്ത്രി ആവാസ് യോജന ഭവന പദ്ധതി ഗുണഭോക്താക്കൾക്കും പരാതികളും നിർദേശങ്ങളും സിറ്റിങ്ങിൽ അറിയിക്കാം.

## വിജയകുമാറിന്റെ കണ്ണീർ മായ്ച്ച് തദ്ദേശ അദാലത്ത്; കടമുറിക്ക് കെട്ടിടനമ്പർ നൽകാൻ നിർദ്ദേശം

***ദേശീയ പാതക്ക് ഭൂമി നൽകിയത് പരിഗണിച്ചു; *ഉപജീവന മാർഗമെന്ന പരിഗണന**

ലോണെടുത്ത് നിർമിച്ച കടമുറിക്ക് കെട്ടിട നമ്പർ ഗ്രാമപഞ്ചായത്തിൽ നിന്ന് അനുവദിക്കണമെന്ന പള്ളിച്ചൽ സ്വദേശി വിജയകുമാറിന്റെ അപേക്ഷ വേഗത്തിൽ തീർപ്പാക്കി തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എം ബി രാജേഷ്. തിരുവനന്തപുരം ജിമ്മി ജോർജ് സ്റ്റേഡിയത്തിൽ നടന്ന തദ്ദേശ അദാലത്തിലാണ് തീരുമാനം. ദേശീയ പാത വീതി കൂട്ടുന്നതിന് ഭൂമി വിട്ടുനൽകിയ സാഹചര്യവും അപേക്ഷകന്റെ ഉപജീവന മാർഗ്ഗവും പരിഗണിച്ചാണ് ഉത്തരവ് നൽകിയതെന്ന് മന്ത്രി പറഞ്ഞു.

തീരെ ചെറിയ കെട്ടിടവും സ്ഥലവും എന്ന പരിഗണനയിൽ പ്രത്യേക ഉത്തരവാണ് നൽകിയത്. വിജയകുമാറിന് ആകെയുള്ള മൂന്നേമുക്കാൽ സെന്റ് വസ്തുവിൽ രണ്ടേകാൽ സെന്റ് ദേശീയപാത വികസനത്തിനു വിട്ടുനൽകി. തുടർന്നുള്ള ഒന്നര സെന്റിലാണ് കെട്ടിടമുറി നിർമിച്ചത്. പ്രാവച്ചമ്പലം സഹകരണ ബാങ്കിൽ നിന്നും നാലു ലക്ഷം രൂപയുടെ ലോണിലാണ് കെട്ടിടം നിർമിച്ചത്. നമ്പർ ഇല്ലാത്തതിനാൽ മുറികൾ വാടകക്ക് നൽകാൻ കഴിയാത്ത സാഹചര്യമുണ്ടെന്നും അദ്ദേഹം മന്ത്രിയെ അറിയിച്ചു. രോഗബാധിതനായ അദ്ദേഹത്തിന് 17 ഉം 15 ഉം വയസ്സുള്ള രണ്ട് മക്കളുണ്ട്. ജോലിക്ക് പോകാൻ കഴിയാത്ത സാഹചര്യത്തിൽ വായ്പ തിരിച്ചടവ് മുടങ്ങുകയും ചെയ്തിട്ടുണ്ട്.

ജീവിതാവസ്ഥ പരിഗണിച്ച് കെട്ടിടത്തിന് നമ്പർ അനുവദിച്ച മന്ത്രി എം ബി രാജേഷിനും തദ്ദേശസ്വയംഭരണ വകുപ്പിനും നന്ദി അറിയിച്ചാണ് വിജയകുമാർ മടങ്ങിയത്.

## ജഗൻ മോഹൻ റെഡ്ഡി പഫ്സ് വാങ്ങാൻ ചെലവാക്കിയത് 3.36 കോടിയെന്ന് ആരോപണം

ന്യൂഡൽഹി: ആന്ധ്രാപ്രദേശ് മുൻ മുഖ്യമന്ത്രി വൈ.എസ്. ജഗൻ മോഹൻ റെഡ്ഡി മുട്ട പഫ്സ് വാങ്ങാൻ ചെലവാക്കിയത് 3.36 കോടിയെന്ന് ആരോപണം. ഒരു സ്വകാര്യ ചാനലിലെ മാധ്യമ പ്രവർത്തകയാണ് വെളിപ്പെടുത്തലുമായി രംഗത്തെത്തിയത്.

ജഗൻ മോഹൻ റെഡ്ഡിയുടെ ഓഫീസ് അഞ്ച് വർഷത്തിനിടെ പഫ്സ് വാങ്ങാനായി ചെലവാക്കിയ തുകയാണ് ഇത്. സംഭവം വിവാദമായതോടെ ഭരണകക്ഷിയായ ടിഡിപി വിമർശനവുമായി രംഗത്തെത്തിയിട്ടുണ്ട്.

കണക്ക് അനുസരിച്ച് ഓരോ വർഷവും 72 ലക്ഷം രൂപ പഫ്സ് വാങ്ങാൻ മാത്രം ചെലവഴിച്ചതായി പറയുന്നു. ഇങ്ങനെയെങ്കിൽ ദിവസവും 993 പഫ്സുകൾ വാങ്ങേണ്ടിവരുമെന്നും ടിഡിപി വിമർശിച്ചു.

## അഭിമുഖം മാറ്റിവെച്ചു

പട്ടികജാതി വികസനവകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന തിരുവനന്തപുരം വെള്ളായണി ശ്രീഅയ്യങ്കാളി മെമ്മോറിയൽ മോഡൽ റസിഡൻഷ്യൽ സ്പോർട്സ് സ്കൂളിൽ അധ്യാപക തസ്തികയിൽ ഓഗസ്റ്റ് 24ന് നടത്താനിരുന്ന അഭിമുഖം മാറ്റിവെച്ചതായി പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ അറിയിച്ചു. പുതുക്കിയ തീയതി പിന്നീട് അറിയിക്കും.

## മന്ദഹാസം പദ്ധതിയിൽ അപേക്ഷിക്കാം

സാമൂഹ്യനീതിവകുപ്പ് മുതിർന്ന പൗരന്മാർക്ക് സൗജന്യ ദന്തനിര നൽകുന്ന മന്ദഹാസം പദ്ധതിയിലേക്ക് അപേക്ഷ ക്ഷണിച്ചു. ദാരിദ്യ രേഖക്ക് താഴെയുള്ള 60 വയസ് പൂർത്തിയായവർ, പല്ലുകൾ പൂർണമായും നഷ്ടപ്പെട്ടവർ, അതല്ലെങ്കിൽ ഭാഗീകമായി നഷ്ടപ്പെട്ട് അവശേഷിക്കുന്ന പല്ലുകൾ ഉപയോഗയോഗ്യമല്ലാത്തതിനാൽ പറിച്ചു നീക്കേണ്ട അവസ്ഥയിലുള്ളവർ തുടങ്ങിയവർക്ക് അപേക്ഷിക്കാം.

കൃതിമ പല്ലുകൾ വെക്കുന്നതിന് അനുയോജ്യമെന്ന് യോഗ്യത നേടിയ ദന്തിസ്റ്റ് നിശ്ചിത ഫോറത്തിൽ സാക്ഷ്യപ്പെടുത്തിയിരിക്കണം. h-ttp-s://sun-e-e-th-i.sj-d.k-er-a-l-a.gov.in വെബ്സൈറ്റിലൂടെ ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തിയതി നവംബർ 30. കൂടുതൽ വിവരങ്ങൾക്ക് 0471 23423241

## ഓൺലൈൻ ഭാഗ്യക്കുറി തട്ടിപ്പ്: ഗൂഗിളിന് നോട്ടീസ് നൽകി

തിരുവനന്തപുരം: കേരള സംസ്ഥാന ഭാഗ്യക്കുറിയുടെ പേരിൽ ഓൺലൈനിൽ വ്യാജ ലോട്ടറി വിൽപ്പന നടത്തുന്ന ആപ്പുകൾ പ്ലേ സ്റ്റോറിൽ നിന്ന് നീക്കം ചെയ്യണമെന്ന് ആവശ്യപ്പെട്ട് ഗൂഗിളിന് പോലീസ് നോട്ടീസ് നൽകി. ഇത്തരം ഓൺലൈൻ ലോട്ടറികളുടെ പരസ്യങ്ങൾ ഫേസ്ബുക്കിൽ നിന്ന് നീക്കാൻ മെറ്റയ്ക്കും നോട്ടീസ് നൽകിയിട്ടുണ്ട്.

ഓൺലൈൻ ലോട്ടറിയുടെ 60 വ്യാജ ആപ്പുകളാണ് പോലീസിന്റെ സൈബർ പട്രോളിംഗിനെത്തുടർന്ന് കണ്ടെത്തിയത്. തട്ടിപ്പുമായി ബന്ധപ്പെട്ട് 25 വ്യാജ ഫേസ്ബുക്ക് പ്രൊഫൈലും 20 വെബ് സൈറ്റുകളും കണ്ടെത്തി.ഇത്തരം തട്ടിപ്പിനു പിന്നിൽ പ്രവർത്തിക്കുന്നവരെ കണ്ടെത്തി കർശന നിയമനടപടി സ്വീകരിക്കുമെന്ന് പോലീസ് പറഞ്ഞു. കേരള മെഗാ മില്യൺ ലോട്ടറി, കേരള സമ്മർ സീസൺ ധമാക്ക എന്നീ പേരുകളിൽ സമൂഹമാധ്യമങ്ങൾ വഴി കേരള സംസ്ഥാന ലോട്ടറി ഓൺലൈനായി എടുക്കാം എന്ന വ്യാജപരസ്യം സമൂഹമാധ്യമങ്ങൾ വഴി പ്രചരിക്കുന്നുണ്ട്.കേരള സർക്കാർ ഓൺലൈൻ ലോട്ടറി ആരംഭിച്ചെന്നും 40 രൂപ മുടക്കിയാൽ 12 കോടി രൂപ വരെ നേടാമെന്നുമുള്ള സന്ദേശമാണ് ലഭിക്കുക. സന്ദേശത്തിൽ പറയുന്ന നമ്പറിലേയ്ക്ക് 40 രൂപ നൽകിയാൽ വാട്സ് ആപ്പിലേയ്ക്ക് വ്യാജ ലോട്ടറി ടിക്കറ്റ് ചിത്രം അയച്ചു നൽകും.നറുക്കെടുപ്പിന്റെ സമയം കഴിയുമ്പോൾ കൃത്രിമമായി നിർമിച്ച നറുക്കെടുപ്പ് ഫലം തട്ടിപ്പുകാർ അയച്ചുനൽകുകയും ഫലം പരിശോധിക്കുമ്പോൾ കൈവശമുള്ള ടിക്കറ്റിന് അഞ്ചു ലക്ഷം രൂപ സമ്മാനം ലഭിച്ചതായി കാണിക്കുകയും ചെയ്യും.ഇതോടെ തട്ടിപ്പിന്റെ അടുത്തഘട്ടം ആരംഭിക്കും. സർക്കാർ പ്രതിനിധിയെന്നു പരിചയപ്പെടുത്തിക്കൊണ്ട് ഒരാൾ ഫോണിൽ വിളിക്കുകയും സമ്മാനത്തുക ലഭിക്കാൻ ജിഎസ്ടി, സ്റ്റാമ്പ് ഡ്യൂട്ടി എന്നീ ആവശ്യത്തിനായി പണം ബാങ്ക് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യാൻ ആവശ്യപ്പെടും.ഇങ്ങനെ പണം ട്രാൻസ്ഫർ ചെയ്തുകഴിയുമ്പോൾ റിസർവ് ബാങ്ക് സമ്മാനത്തുക പിടിച്ചുവച്ചിരിക്കുന്നതായും സമ്മാനം കൈമാറാനായി കൂടുതൽ പണം വേണമെന്നും ആവശ്യപ്പെടുന്നു. ഓരോ ചുവടും വിശ്വസനീയമായി തോന്നിക്കാനായി കൃത്രിമമായി നിർമിച്ച രേഖകളും വീഡിയോകളും ഇരകൾക്ക് നൽകും.

ഇത്തരത്തിൽ വളരെ വിശ്വസനീയമായി തോന്നിപ്പിക്കുന്ന രീതിയിൽ നടത്തുന്ന വ്യാജഭാഗ്യക്കുറിയുടെ ഓൺലൈൻ തട്ടിപ്പിന് ഇരയാകാതിരിക്കാൻ പൊതുജനങ്ങൾ ജാഗ്രത പുലർത്തണം. സാമ്പത്തികത്തട്ടിപ്പിനിരയായാൽ ഉടൻ തന്നെ 1930 എന്ന നമ്പറിൽ വിവരം അറിയിക്കണമെന്നും പോലീസ് വ്യക്തമാക്കി.

## എഎവൈ കാർഡിനും ക്ഷേമസ്ഥാപനങ്ങളിലെ അന്തേവാസികൾക്കും സൗജന്യ ഓണക്കിറ്റ്

തിരുവനന്തപുരം: ഓണത്തോടനുബന്ധിച്ച് സംസ്ഥാനത്തെ എഎവൈ കാർഡുടമകൾക്കും ക്ഷേമസ്ഥാപനങ്ങളിലെ താമസക്കാർക്കും സൗജന്യ ഓണക്കിറ്റ് വിതരണം ചെയ്യാൻ മന്ത്രിസഭാ യോഗം തീരുമാനിച്ചു. 13 ഇനം അവശ്യസാധനങ്ങൾ ഉൾപ്പെടുത്തിയ കിറ്റാണ് വിതരണംചെയ്യുന്നത്.ആകെ 5,99,000 കിറ്റുകളാണ് വിതരണം ചെയ്യുക. ഇതിന് 34.29 കോടി രൂപ മുൻകൂറായി സപ്ലൈകോയ്ക്ക് അനുവദിച്ചു. റേഷൻകടകൾ മുഖേനയാണ് വിതരണം.

തേയില, ചെറുപയർ പരിപ്പ്, സേമിയ പായസം മിക്സ്, നെയ്യ് , കശുവണ്ടി പരിപ്പ്, വെളിച്ചെണ്ണ, സാമ്പാർപൊടി, മുളക് പൊടി, മഞ്ഞൾപ്പൊടി, മല്ലിപ്പൊടി, ചെറുപയർ, തുവരപ്പരിപ്പ്, പൊടി ഉപ്പ്, എന്നീ ഇനങ്ങളോടൊപ്പം തുണിസഞ്ചിയും നൽകും.

## 'വിദ്യാജ്യോതി' ഭിന്നശേഷി കുട്ടികൾക്ക് അപേക്ഷിക്കാം

ഭിന്നശേഷിക്കാരായ കുട്ടികളെ വിദ്യാഭ്യാസപരമായി ഉയർച്ചയിലേക്ക് നയിക്കുന്നതിന് കേരള സർക്കാർ സാമൂഹ്യനീതി വകുപ്പ് 40 ശതമാനത്തിൽ കൂടുതൽ ഭിന്നശേഷിയുള്ള (ആൺ/ പെൺ) കുട്ടികൾക്ക് പഠനോപകരണങ്ങൾ വാങ്ങാൻ ധനസഹായം നൽകുന്ന വിദ്യാജ്യോതി പദ്ധതിയിലേക്ക് അപേക്ഷിക്കാം.

ഒൻപതാം ക്ലാസ് മുതൽ ബിരുദാനന്തര ബിരുദം/പ്രൊഫഷണൽ കോഴ്സ് വരെ പഠിക്കുന്നവർക്കാണ് അപേക്ഷിക്കാൻ അവസരം. ൌലലവേശ.ഷെറ.സല്യമഹമ.ഴീ.ശി വെബ്സൈറ്റ് മുഖേന ഓൺലൈനായാണ് അപേക്ഷ നൽകേണ്ടത്.അപേക്ഷകർ സർക്കാർ/എയ്ഡഡ്/സർക്കാരിതര അംഗീകൃത സ്ഥാപനത്തിൽ പഠിക്കുന്നവരായിരിക്കണം. വരുമാനപരിധി ബാധകമല്ല. ബില്ലുകളിൽ വിദ്യാർത്ഥികളുടെ പേര് രേഖപ്പെടുത്തിയിരിക്കണം. കൂടുതൽ വിവരങ്ങൾക്ക് 0471 2343241.

## അനുകൂലസാഹചര്യം വന്നാൽ തിരച്ചിൽ തുടരാം; ഹൈക്കോടതിയിൽ തത്സ്ഥിതി റിപ്പോർട്ട് നല്കി സർക്കാർ

ബംഗളൂരു: കർണാടകയിലെ ഷിരൂരിൽ മണ്ണിടിച്ചിലിനെ തുടർന്ന് ഗംഗാവലിപ്പുഴയിൽ വീണ് കാണാതായ കോഴിക്കോട് സ്വദേശി അർജുനായുള്ള തിരച്ചിൽ സംബന്ധിച്ച് കർണാടക ഹൈക്കോടതിയിൽ തത്സ്ഥിതി റിപ്പോർട്ട് സമർപ്പിച്ച് കർണാടക സർക്കാർ.പുഴയിൽ ഒഴുക്ക് ശക്തമായതിനാൽ തിരച്ചിൽ ഓഗസ്റ്റ് 16 ന് നിർത്തിവെച്ചതായാണ് സർക്കാർ കോടതിയെ അറിയിച്ചിരിക്കുന്നത്. അനുകൂലസാഹചര്യം വന്നാൽ തിരച്ചിൽ തുടരാൻ തയാറാണെ സർക്കാർ ഹൈക്കോടതിയിൽ അറിയിച്ചു.

നിലവിൽ തിരച്ചിലിനുള്ള തടസങ്ങൾ എന്തൊക്കെയെന്ന് കോടതി ആരാഞ്ഞു. അതേസമയം, എല്ലാ വിവരങ്ങളും സമഗ്രമായി സ്ഥിതിവിവര റിപ്പോർട്ടിൽ നൽകിയിട്ടുണ്ടെന്ന് സർക്കാർ കോടതിയിൽ വ്യക്തമാക്കി. സർക്കാർ റിപ്പോർട്ടിൽ എതിർവാദമുണ്ടെങ്കിൽ സമർപ്പിക്കാൻ അർജുന്റെ കുടുംബത്തിന് കോടതി അനുമതി നൽകി.

ദുരന്തത്തിനിരയായവരുടെ പുനരധിവാസം സംബന്ധിച്ച വിശദമായ റിപ്പോർട്ട് സമർപ്പിക്കാനും ഹൈക്കോടതി കർണാടക സർക്കാരിനോട് ആവശ്യപ്പെട്ടു. അർജുൻ ഉൾപ്പടെയുള്ളവർക്കായി ഷിരൂരിലെ തിരച്ചിൽ ദൗത്യം തുടരണമെന്ന് കർണാടക ഹൈക്കോടതി നേരത്തെ നിർദേശിച്ചിരുന്നു. സെപ്റ്റംബർ 18ന് കർണാടക ഹൈക്കോടതി വീണ്ടും കേസ് പരിഗണിക്കും.

## ഭർത്താവിനു പിന്നാലെ ഭാര്യയും; ശാരദ മുരളീധരൻ പുതിയ ചീഫ് സെക്രട്ടറിയാകും

തിരുവനന്തപുരം: ശാരദ മുരളീധരനെ അടുത്ത ചീഫ് സെക്രട്ടറിയായി മന്ത്രിസഭാ യോഗം തീരുമാനിച്ചു. നിലവിലെ ചീഫ് സെക്രട്ടറി വി. വേണു ഈ മാസം 31 ന് വിരമിക്കുന്ന സാഹചര്യത്തിലാണ് ഭാര്യ ശാരദയെ പുതിയ ചീഫ് സെക്രട്ടറിയായി തീരുമാനിച്ചത്.നിലവിൽ പ്ലാനിംഗ് ബോർഡിന്റെ അഡീഷണൽ ചീഫ് സെക്രട്ടറിയാണ് ശാരദ മുരളീധരൻ. സംസ്ഥാനത്ത് ദമ്പതികൾ മുൻപും ചീഫ് സെക്രട്ടറിമാരായിട്ടുണ്ടെങ്കിലും ഇത് ആദ്യമായാണ് അടുപ്പിച്ച് ഈ സ്ഥാനത്തേക്ക് ഭാര്യാ ഭർത്താക്കന്മാർ എത്തുന്നത്.സ്ഥാനമൊഴിയുന്ന വി. വേണുവിന് പുതിയ ചുതല സർക്കാർ ഏൽപ്പിക്കുമെന്നും സൂചനയുണ്ട്. കാലാവസ്ഥാ വ്യതിയാനത്തെക്കുറിച്ച് പഠിക്കാനായി സർക്കാർ ഓരു സമിതിയെ നിയോഗിക്കുന്നുണ്ട്. ഇതിന്റെ തലപ്പത്തേക്ക് വേണു എത്തുമെന്നാണ് വിവരം.

## സിനിമ ഇല്ലാതെ പറ്റില്ല; അതിന്റെ പേരിൽ മന്ത്രി സ്ഥാനത്ത് നിന്ന് മാറ്റിയാൽ രക്ഷപ്പെട്ടുവെന്ന് സുരേഷ് ഗോപി

തിരുവനന്തപുരം: സിനിമ ചെയ്യുന്നതിന്റെ പേരിൽ മന്ത്രി സ്ഥാനത്ത് നിന്ന് തന്നെ മാറ്റുന്നുണ്ടെങ്കിൽ രക്ഷപ്പെട്ടുവെന്ന് കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി. മന്ത്രി സ്ഥാനത്തെ ബാധിക്കാത്ത രീതിയിൽ സിനിമ ഷൂട്ടിംഗ് സെറ്റിൽ അതിനുള്ള സൗകര്യം ഉണ്ടാകണം എന്നാണ് ആഗ്രഹമെന്നും അദ്ദേഹം പറഞ്ഞു.

സിനിമ ഇല്ലാതെ പറ്റില്ല. അത് എന്റെ പാഷനാണ്. അതില്ലെങ്കിൽ ശരിക്കും ചത്തു പോകും. സിനിമ ചെയ്യുമെന്നും അദ്ദേഹം വ്യക്തമാക്കി.

ഞാൻ അനുവാദം ചോദിച്ചിട്ടുണ്ട്. പക്ഷേ കിട്ടിയില്ല. സെപ്റ്റംബർ ആറിന് ഒറ്റക്കൊമ്പൻ തുടങ്ങുകയാണ്. മന്ത്രി സ്ഥാനത്ത് നിന്ന് മാറ്റുന്നുണ്ടെങ്കിൽ താൻ രക്ഷപ്പെട്ടു. ചരിത്രം എഴുതിയ തൃശൂർക്കാർക്ക് താൻ എന്തായാലും നന്ദി അർപ്പിക്കണം എന്ന് നേതാക്കൾ പറഞ്ഞതുകൊണ്ടാണ് വഴങ്ങിയതെന്നും സുരേഷ് ഗോപി പറഞ്ഞു.